# വിശുദ്ധ പുരോഹിതൻ
# റവ. ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.
# ചില ഓർമ്മക്കുറിപ്പുകൾ

*ഫാ. ജെയിംസ് റ്റി. ഞാറക്കാട്ട്*

# വിശുദ്ധ പുരോഹിതൻ
# റവ. ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.
# ചില ഓർമ്മക്കുറിപ്പുകൾ

*ഫാ. ജെയിംസ് റ്റി. ഞാറക്കാട്ട്*

ഫാ. അദെയോദാത്തൂസ് ജനുവരി 27, 1896-ൽ ബെൽജിയത്ത് ജനിച്ചു. മുതിയാവിള സെന്റ് ആൽബർട്ട് ഇടവകപ്പള്ളിയുടെ പള്ളിമേടയിൽ വച്ച്, ഒക്ടോബർ 20-ാം തിയതി, 1969-ൽ ഒരു മിഷൻ ഞായറാഴ്ച അദ്ദേഹം മരിച്ചു. അദ്ദേഹത്തെക്കുറിച്ച് സംസാരിക്കുന്നതിനു മുമ്പ്, എന്റെ മുൻകാല ചരിത്രത്തെക്കുറിച്ച് എന്തെങ്കിലും എഴുതാനുള്ള അവസരമായി ഞാൻ കരുതുന്നു.

1953 ലാണ് ഞാൻ യു.പി.യിലെ ബെനാറസ് അല്ലെങ്കിൽ വാരണാസിയിൽ പൗരോഹിത്യത്തിനുവേണ്ടി ഇന്ത്യൻ മിഷനറി സൊസൈറ്റിയിൽ ചേരാൻ പോയത്. ഞാൻ അവിടെ എന്റെ ഫിലോസഫി കോഴ്സ് ചെയ്തു തീർത്തു. പിന്നീട് എന്റെ തിയോളജി പഠനത്തിനായി ഞാൻ പൂനായിലെ പേപ്പൽ യൂണിവേഴ്സിറ്റിയിൽ ചേർന്നു. ആ സമയം എന്റെ ആത്മീയ പിതാവും പ്രൊഫസറുമായിരുന്ന റവ. ഫാ. ന്യൂനെർ എസ്. ജെ. എന്നോട് തിരുവനന്തപുരം ലത്തീൻ രൂപതയിൽ ചേരാൻ ഉപദേശിച്ചു. എന്റെ സുപ്പീരിയേഴ്സിന്റെ അടുത്തുനിന്നും, തിരുവനന്തപുരം ബിഷപ്പ് മോൺ. വിൻസെന്റ് ദെരേരായിൽനിന്നും ആസമയം അദ്ദേഹത്തിന്റെ സഹായിയായിരുന്ന മോൺ. പീറ്റർ ബെർണാർഡ് പെരേരായിൽനിന്നും തിരുവനന്തപുരം രൂപതയ്ക്കുവേണ്ടി പേപ്പൽ സെമിനാരിയിലുള്ള എന്റെ പഠനം തുടരുവാൻ എനിക്ക് അനുവാദം ലഭിച്ചു. എന്റെ പഠനങ്ങൾക്കുശേഷം വിൻസെന്റ് ദെരേരാ തിരുമേനി 1962 സെപ്തംബർ 29-ാം തിയതി സ്വകാര്യ ചാപ്പലിൽ വച്ച് എനിക്ക് എന്റെ പൗരോഹിത്യം നല്കി. വീണ്ടും ഞാൻ പൂനായിലേയ്ക്കു തിരികെപ്പോയി എന്റെ പഠനകോഴ്സുകൾ പൂർത്തിയാക്കി 1963-ൽ തിരികെ വന്ന് ബിഷപ്പ് ഹൗസിൽ താമസിച്ചു വരികയായിരുന്നു.

ദെരേരാ പിതാവ് എന്നെ വ്ളാത്താങ്കരയിലുള്ള റവ. ഫാ. അൻപുടയന്റെ അസിസ്റ്റന്റായി നിയമിക്കുവാൻ വിചാരിക്കുകയായിരുന്നു. ആ സമയം റവ. ഫാ. അദെയോദാ

ത്തൂസ് മുതിയാവിളയിലെ ഇടവക വികാരിയും, ആ സമയം വരെ അദ്ദേഹത്തിന്റെ അസിസ്റ്റന്റായിരുന്ന റവ. ഫാ. ജി. സ്റ്റീഫൻ അവിടെനിന്നും ട്രാൻസ്ഫറായി. അദ്ദേഹത്തിനു പകരം ഫാ. അദെയോദാത്തൂസ് എന്നെ ആഗ്രഹിക്കുകയും അത് പിതാവിന്റെ സമ്മതത്തിനായി ചോദിക്കുകയും അത് അനുവദിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെയാണ് വ്ളാത്താങ്കരയിലേയ്ക്കു പോകേണ്ടിയിരുന്ന ഞാൻ ഫാ. അദെയോദാത്തൂസിന്റെ അസിസ്റ്റാന്റായി മാറി. ഇത് സംഭവിച്ചത് മേയ് 5, 1963–ലായിരുന്നു.

ബിഷപ്പ് ഹൗസിൽനിന്നും എന്നെ മുതിയാവിളയിലേയ്ക്ക് കൊണ്ടുപോയത് കർമ്മലീത്താ വൈദികരുടേതായിരുന്ന ഒരു പഴയ വുൾസി കാറിലായിരുന്നു. എനിക്ക് തിരവനന്തപുരമായോ മുതിയാവിളയായോ യാതൊരു ബന്ധവുമില്ലായിരുന്നു. ഈ സാഹചര്യത്തിലായിരുന്നു അദെയോദാത്തൂസച്ചൻ എന്നെ ഒരു പിതാവിനെയും സഹോദരനെയും പോലെ എന്നെ എല്ലായിടത്തും കൊണ്ടുപോകുകയും എന്നെ സഹായിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് എനിക്ക് എന്തെങ്കിലും പ്രത്യേക പ്രയാസം അനുഭവപ്പെട്ടില്ല. അദ്ദേഹം പിന്നീട് മുതിയാവിളയുടെ കീഴിലുള്ള വിവിധ സബ്സ്റ്റേഷനുകളെപ്പറ്റി എന്നെ അറിയിക്കുകയും അവരുടെയടുക്കൽ എങ്ങനെ ചെയ്യണമെന്ന് എന്നെ നിർദ്ദേശിച്ചു.

അദ്ദേഹത്തോട് എനിക്ക് വളരെ അടുപ്പമുള്ള ബന്ധം ഉണ്ടായിരുന്നിട്ടും, അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യങ്ങളോ അദ്ദേഹത്തിന്റെ പഴയ ചരിത്രമോ ഒന്നും ചോദിക്കാൻ ധൈര്യം എനിക്കില്ലായിരുന്നു. ഇപ്പോഴായിരുന്നെങ്കിൽ, ഇതുപോലെയുള്ള പല ചോദ്യങ്ങളും ഞാൻ അദ്ദേഹത്തോടു ചോദിക്കുമായിരുന്നേനെ. ഇന്ന്, ഞാൻ ചിന്തിക്കുമ്പോൾ എന്റെ ഭാഗത്തുനിന്നുമുള്ള വലിയ നഷ്ടമായിപ്പോയി. മേയ് 5, 1963 മുതൽ ഒക്ടോബർ 20, 1968–ൽ അദ്ദേഹം മരിക്കുന്ന ദിവസം വരെ ഞാൻ എപ്പോഴും ഒരുമിച്ചായിരുന്നു കഴിഞ്ഞിരുന്നത്. അതുകാരണം, ജീവിതത്തിന്റെ അവസാനത്തെ ആറു വർഷത്തിനിടയിൽ, അദ്ദേഹത്തെ അറിയേണ്ട ആളാണ് ഞാൻ. അദ്ദേഹം ആർക്കെങ്കിലും എഴുതിയിരുന്നപ്പോഴെല്ലാം, അദ്ദേഹം എന്നെക്കുറിച്ചും പരാമർശിച്ചിരുന്നു.

പൊതുജനങ്ങൾക്ക് അദെയോദാത്തൂസച്ചൻ വല്യച്ചൻ (*സീനിയർ അച്ചൻ*) എന്ന് അറിയപ്പെട്ടിരുന്നു. കാരണം, അദ്ദേഹത്തിന് ധാരാളം അസിസ്റ്റന്റ് അച്ചന്മാരുണ്ടായിരുന്നു, അവരെയെല്ലാം കൊച്ചച്ചന്മാർ (*ജൂനിയർ അച്ചൻ*) എന്നായിരുന്നു വിളിച്ചിരുന്നത്. ചുറ്റുമുള്ള ആളുകൾ, ജാതിമതഭേദമെന്യേ, അദ്ദേഹത്തെ *വിശുദ്ധ വലിയച്ചൻ* അഥവാ *വിശുദ്ധനായ അച്ചൻ* എന്ന് പരിഗണിച്ചിരുന്നു.

അദെയോദാത്തൂസച്ചൻ ജനുവരി 27, 1896–ൽ ബെൽജിയത്തിലെ കെൽഡ്രൂക്ക് എന്ന ഗ്രാമത്തിൽ ജനിച്ചു. ജൂലിയൻ എന്നായിരുന്നു അദ്ദേഹത്തിന്റെ വിളിപ്പേര്. അദ്ദേഹത്തിന്റെ പിതാവ് ജോണും, അമ്മ ലുദോവിക് ഒഗാനായുമായിരുന്നു. അവരിരുവരും കത്തോലിക്കാ വിശ്വാസത്തിൽ ആഴമുള്ളവരായിരുന്നു. ആ ദിവസങ്ങളിൽ യുവാക്കൾ പട്ടാള പരിശീലനത്തിനു പോകണമെന്നും പട്ടാളത്തിൽ സേവനം ചെയ്യണമെന്നും നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട്, അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം തന്റെ 23–ാം വയസ്സു പൂർത്തിയാകുന്നതുവരെ അദ്ദേഹം ആ സേവനത്തിലായിരുന്നു. ആ സമയം ഒന്നാം ലോകമഹായുദ്ധക്കാലഘട്ടമായിരുന്നു. യുദ്ധത്തിനുശേഷം

1919-ൽ അദ്ദേഹം തിരികെപ്പോയി. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് വളരെയേറെ സന്തോഷമായി. ആ സമയം അദ്ദേഹത്തിന് 23 വയസ്സായിരുന്നു.

ഒരിക്കൽ അദ്ദേഹം പറയുകയുണ്ടായി, പട്ടാള സേവനത്തിൽനിന്നും ആരെങ്കിലും ജീവനോടെ തിരിച്ചുവരികയാണെങ്കിൽ, ആ വ്യക്തി തന്റെ ജീവിതത്തിലുടനീളം വളരെ അച്ചടക്കമുള്ളവനായിരിക്കും എന്ന്. സൈനികസേവനം അദ്ദേഹത്തിന് വളരെ ലാഭകര മായിരുന്നു. ശത്രുക്കളുടെ ജയിലിൽ അദ്ദേഹത്തിന് 11 മാസത്തെ നിർണ്ണായക ജീവിതമാ യിരുന്നു ഉണ്ടായിരുന്നതെന്നും, ഓരോ ദിവസവും മരണഭീതിയായിരുന്നു അദ്ദേഹം കഴി ഞ്ഞിരുന്നതെന്നും. അദ്ദേഹം മരിക്കുന്നതുവരെ അദ്ദേഹത്തിന് മിലിട്ടറി പെൻഷൻ ലഭിച്ചി രുന്നു.

ഒരിക്കൽ അദ്ദേഹം എന്നോടു പറഞ്ഞു, മിലിട്ടറി സേവനത്തിൽ നിന്നും തിരികെ വന്നപ്പോഴാണ് അദ്ദേഹം തന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. യൂറോപ്പിലെ പര മ്പരാഗതാചാരം അനുസരിച്ച് ഒരു പെൺകുട്ടിയെ കണ്ടെത്തി വിവാഹിതനാകണമെന്നാ യിരുന്നു ചിന്തിച്ചത്. പെട്ടെന്നു തന്നെ അദ്ദേഹം ഒരു പെൺകുട്ടിയെ കണ്ടെത്തുകയും അവളുമായി സൗഹൃദത്തിലാകുകയും പിന്നീട് അവർ തമ്മിൽ വിവാഹിതരാകാൻ തിരു മാനിക്കുകയും ചെയ്തു. അതിനെക്കുറിച്ച് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത തിനുശേഷം അദ്ദേഹം ലൂർദ്ദിലേയ്ക്കും ലിസ്യുവിലേയ്ക്കും ഒരു തീർത്ഥയാത്ര നടത്തി. അദ്ദേഹം ഒരു കർമ്മെലീത്താ ആശ്രമം സന്ദർശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അവരുടെ ജീവിതവും അവിടുത്തെ നിശബ്ദതയുടെ അന്തരീക്ഷവും വളരെ ഇഷ്ടപ്പെട്ടു. അപ്പോൾ തനിക്ക് അനുയോജ്യമായ സ്ഥലമാണിതെന്ന് അദ്ദേഹം വിചാരിച്ചു. പക്ഷെ നേരത്തെ വിവാഹവാഗ്ദാനം ചെയ്ത ആ പെൺകുട്ടിയോട് എന്തു ചെയ്യും? അതൊരു വലിയ പ്രശ്നമായിരുന്നു അദ്ദേഹത്തിന്. അവസാനം, ഒരു കർമ്മെലീത്താ വൈദികനാ കാനാണ് എന്ന് അദ്ദേഹം അവളോട് തന്റെ മനസ്സ് തുറന്നു പറഞ്ഞു. ആ പെൺകുട്ടി അദ്ദേഹത്തെ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് പിന്തുടരാൻ പ്രോത്സാ ഹിപ്പിക്കുകയും ചെയ്തു. പിന്നീട് ആ പെൺകുട്ടിയാകട്ടെ, ഒരു സന്യാസിനിയാവുകയും അതിനുശേഷം ഒരു സുപ്പീരിയർ ആകുകയും ചെയ്തു. അദെയോദാത്തൂസച്ചന്റെ വാക്കു കളിൽ "*അവൾ വളരെയേറെ കുട്ടികളുടെ അമ്മയായി; അതുപോലെ ഞാനും വളരെയേ റെപ്പേരുടെ ആത്മീയ പിതാവായി*".

ജൂലിയൻ ഫ്ളാന്റേഴ്സിലെ പ്രോവിൻസിലെ കർമ്മെലീത്താ സഭയിൽ ചേർന്നു. അദ്ദേഹം ബ്രൂഗേഴ്സിലെ നോവിഷ്യറ്റ് ഹൗസിൽ വച്ച് വി. പത്രോസിന്റെ ബ്രദർ അദെ യോദാത്തൂസ് എന്ന പേരു സ്വീകരിച്ചു. '*അദെയോദാത്തൂസ്*' എന്നത് ലത്തീൻ വാക്കാ ണ്, അതിന്റെ അർത്ഥം '*ദൈവത്തിന്റെ ദാനം*' എന്നാണ്. ഇത് സംഭവിച്ചത് ജൂലൈ 12, 1920ലായിരുന്നു. ഒക്ടോബർ 10, 1923 ൽ അദ്ദേഹം ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നയുടെ പ്രഥമവ്രതവാഗ്ദാനവും ഒക്ടോബർ 16, 1926ൽ നിത്യവ്രതവാഗ്ദാനവും സ്വീക രിച്ചു. അദ്ദേഹം കോർട്രിജിൽ തന്റെ ഫിലോസഫിയുടെയും തിയോളജിയുടെയും പഠന ങ്ങൾ പൂർത്തിയാക്കി, ജൂലൈ 31, 1927-ൽ അദ്ദേഹത്തിന് പൗരോഹിത്യം നല്കി. അദ്ദേഹ ത്തിന്റെ ജീവിതത്തിലുള്ള മിഷനിലും പരിശുദ്ധിയിലുമുള്ള ശുഷ്ക്കാന്തിയും വിശുദ്ധിയും കണ്ടപ്പോൾ അദ്ദേഹത്തിന്റെ മേലധികാരികൾ അദ്ദേഹത്തെ ഇന്ത്യയിലേയ്ക്ക് അയച്ചു.

അങ്ങനെ നവംബർ 27-ാം തിയതി അദ്ദേഹം വഴുതക്കാടുള്ള കാർമ്മെൽഹിൽ ആശ്രമത്തിലെത്തി.

ഉടൻതന്നെ നാട്ടിലെ പ്രാദേശികഭാഷയായ മലയാളം പഠിക്കാനാരംഭിച്ചു. വളരെ പെട്ടെന്നുതന്നെ കഠിനാദ്ധ്വാനത്തിലൂടെ അദ്ദേഹം അത് എഴുതാനും പഠിക്കാനും പഠിച്ചു. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അദ്ദേഹത്തിന്റെ കൃതികൾ വളരെ ഭംഗിയുള്ളതാണ്. അത് വളരെ അർത്ഥപൂർണ്ണവുമാണ്. അദ്ദേഹം വ്യക്തിപരമായി എഴുതിയ ചില കത്തുകൾ ഞാൻ താഴെ കൊടുക്കുന്നുണ്ട്.

റവ. ഫാ. അദെയോദാത്തൂസ് തിരുവനന്തപുരത്ത് വരുമ്പോൾ അദ്ദേഹത്തിന് 31 വയസ്സായിരുന്നു. നല്ല ശരീരമുള്ള യുവാവ്, തന്നോട് ആവശ്യപ്പെടുന്നതെന്തും ചെയ്യാൻ അദ്ദേഹം തയ്യാറായിരുന്നു. മേലുദ്യോഗസ്ഥർ അദ്ദേഹത്തിന്റെ ആഗ്രഹം എളുപ്പത്തിൽ അനുസരിച്ചു; 1931 മുതൽ 1947 വരെ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചാപ്ലോനായിരുന്നു അദ്ദേഹം. അദ്ദേഹം അവിടെ കുറ്റവാളികൾക്കായി വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും കത്തോലിക്കരുടെ കുമ്പസാരം കേൾക്കുകയും ചെയ്തിരുന്നു. കുറ്റവാളിയുടെ വധശിക്ഷയ്ക്കു തലേന്ന് രാത്രി അദ്ദേഹം ജയിലിൽ പോകുകയും, അയാളുടെ കുമ്പസാരം കേൾക്കുകയും, വിശുദ്ധ കുർബ്ബാന നല്കുകയും, അയാളെ മരണത്തിനായി തയ്യാറാക്കുകയും ചെയ്തിരുന്നു. അച്ചൻ അയാളുടെ തൂക്കുമരത്തിനടുത്ത് നിന്ന് കുറ്റവാളി ആവർത്തിച്ചു പറയാൻ വേണ്ടി ഈശോ, മറിയം, യൗസേപ്പേ എന്ന് ഉറക്കെ പറഞ്ഞുകൊടുക്കുമായിരുന്നു. അങ്ങനെ ദൈവതിരുമുമ്പാകെ ആ ആത്മാവ് നില്ക്കാൻവേണ്ടി അദ്ദേഹം അയാളെ തയ്യാറാക്കിയിരുന്നു. അയാളെ നിരാശനാക്കാതെ സമാധാനത്തോടെയും പ്രത്യാശയോടെയും മരിക്കാൻ അയാൾക്കു കഴിയുമായിരുന്നു. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത വളരെ വലുതായിരുന്നു.

കൂടുതൽ വിവരങ്ങൾ ലഭിക്കാൻ അന്നേരം ഞാൻ ശ്രമിക്കാത്തതിൽ ഇപ്പോൾ ഞാൻ പരിതപിക്കുന്നു. ഒരവസരത്തിൽ എന്താണ് സംഭവിച്ചതെന്ന് അദ്ദേഹം എന്നോടു പറയുകയായിരുന്നു: ക്രിസ്തുമസ് കാലഘട്ടത്തിൽ രണ്ടു കുറ്റവാളികൾക്ക് അദ്ദേഹം അര ഗ്ലാസ് വീഞ്ഞ് കൊടുത്തു: അതിലൊരാൾ, ഓ! ഇത് അര ഗ്ലാസ്സ് വീഞ്ഞുണ്ടല്ലോ എന്നും പറഞ്ഞ് അത് വളരെ ആനന്ദത്തോടും സംതൃപ്തിയോടുംകൂടി കുടിച്ചു; മറ്റേയാൾ ഇത് അര ഗ്ലാസ് വീഞ്ഞല്ലേയുള്ളു എന്നു പറഞ്ഞ് സങ്കടത്തോടെ കുടിച്ചുകൊണ്ട് പുലമ്പിക്കൊണ്ടിരുന്നു. ഇത് പുരുഷന്മാരുടെ പോസിറ്റീവും നെഗറ്റീവുമായ മനോഭാവങ്ങളെ കാണിക്കുന്നു. ഒരിക്കൽ ഒരു കുറ്റവാളി, അയാൾ നിരപരാധനായിട്ടുപോലും വധശിക്ഷയ്ക്കു വിധിച്ചു. കൊലപാതകക്കുറ്റമായിരുന്നു അയാളിൽ ചുമത്തിയിരുന്നത്. ശരിയ്ക്കുള്ള കൊലപാതകിയോട് അയാൾക്ക് ക്ഷമിക്കാനായില്ല, വധശിക്ഷയ്ക്ക് വിധിക്കാൻ ഇനി മൂന്നു ദിവസം കൂടിയേ ഉണ്ടായിരുന്നുള്ളു, ആ സമയത്ത് ശരിക്കുള്ള കുറ്റവാളിയെ ഒരു വിഷപ്പാമ്പ് കടിച്ച് അയാൾ ദാരുണമായി മരിച്ചു. ഇത് അറിഞ്ഞപ്പോൾ നിരപരാധനായ കുറ്റവാളിയിൽ പെട്ടെന്ന് ഒരു സമൂലമാറ്റം സംഭവിച്ചു. ദൈവം നീതിമാനാണ്, അയാൾ പറഞ്ഞു, ആ മനുഷ്യനെ ദൈവം ശിക്ഷിച്ചു. ഇപ്പോൾ എനിക്ക് സമാധാനത്തിൽ മരിക്കാം. വളരെ ആനന്ദത്തോടും സമാധാനത്തോടും കൂടിയായിരുന്നു അയാൾ തൂക്കുമരത്തിലേയ്ക്ക് പോയത്.

1927–1946 കാലഘട്ടത്തിൽ അദ്ദേഹം മാനസികാശുപത്രിയിലെ മാനസികരോഗികളെ കൃത്യമായി സന്ദർശിക്കാൻ പോയിരുന്നു. ആ കാലഘട്ടത്തിൽ അദ്ദേഹം നൂറനാട്ടുള്ള കുഷ്ഠരോഗികളുടെ കോളനിയിലും സന്ദർശിച്ചിരുന്നു. അദ്ദേഹം അവരുടെ ശാരീരികവും ആത്മീയവുമായ ആവശ്യങ്ങളിൽ സഹായിച്ചിരുന്നു. എന്റെ സഹോദരിയുടെ മൂത്തമകൾ റവ. സി. ആൻ മേരി കുഷ്ഠരോഗികളെ ശുശ്രൂഷിക്കാൻ നിയമിക്കപ്പെട്ടെന്ന് അറിഞ്ഞപ്പോൾ പിന്നീട് അദ്ദേഹം അവൾക്ക് എഴുതുമായിരുന്നു. ഈ പുസ്തകത്തിൽ ആ രണ്ടു കത്തുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫാ. അദെയോദാത്തൂസ് ഒരിക്കലും അവളെ കണ്ടിട്ടില്ല. അവളുടെ അഡ്രസ്സ് ലഭിച്ച് അങ്ങനെ കത്തെഴുതുകയായിരുന്നു അദ്ദേഹം. അദ്ദേഹം അവൾക്ക് മൂന്നു കത്തുകൾ എഴുതി; ഒന്ന് നഷ്ടപ്പെട്ടു: രണ്ടു കത്തുകൾ ഞാൻ താഴെക്കൊടുക്കുന്നു.

തന്റെ സന്യാസസഹോദരന്മാർക്ക് ഉപദേശം നല്കാൻ മേലധികാരികൾ അദെയോദാത്തൂസച്ചനോട് ആവശ്യപ്പെട്ടു. കാർമ്മെൽഹില്ലിലെ വിദ്യാർത്ഥികളുടെ കുമ്പസാരം കേൾക്കാൻ അദ്ദേഹം അവിടേയ്ക്കു പോയിരുന്നു. ത്യാഗത്തിന്റെയും ലാളിത്യത്തിന്റെയും ജീവിതം നയിക്കാൻ അദ്ദേഹം അവരെ നിർദ്ദേശിച്ചിരുന്നു. അവരോട് വൈദിക ജീവിതത്തിന്റെ ഉയർന്ന അന്തസ്സിനെക്കുറിച്ച് അദ്ദേഹം പറഞ്ഞുകൊടുത്തിരുന്നു. അദ്ദേഹം കാർമ്മെൽഹിൽ സമൂഹത്തിലെ ബർസാറായിരുന്നപ്പോൾ, അദ്ദേഹം സെമിനാരി വിദ്യാർത്ഥികളെ ഫിലോസഫിയും ചരിത്രവും പഠിപ്പിക്കുന്നുണ്ടായിരുന്നു. തമിഴ്നാടിലെ തക്കലയിലേയ്ക്ക് തിയോളജി പഠനങ്ങൾ മാറ്റിസ്ഥാപിച്ചിരുന്നതുവരെ അദ്ദേഹം അവരെ തിയോളജിയും പഠിപ്പിച്ചിരുന്നു. ഇത്രയും വ്യത്യസ്തവും വിവിധങ്ങളുമായ ജോലികളുടെയിടയിലും അദ്ദേഹം തന്റെ പ്രാർത്ഥനജീവിതത്തിനോട് പ്രത്യേകമായ വിശ്വസ്തത പാലിക്കാൻ അദ്ദേഹം വളരെ ഉത്സാഹിയായിരുന്നു. അദ്ദേഹത്തിന്റെ ലളിതവും, വിനീതവും, ദരിദ്രവുമായ ജീവിതം വളരെ ശ്രദ്ധേയമായതായിരുന്നു. ഇതിനെക്കുറിച്ചെല്ലാം നമുക്ക് പിന്നീട് വിശദീകരിച്ചു പറയാം. ആത്മാക്കളുടെ രക്ഷ അദ്ദേഹം ഏറ്റെടുക്കുകയുണ്ടായി. നമ്മുടെ നാട്ടിലെ പല വൈദികരിലും ഇത്തരമൊരു തീക്ഷ്ണത നാം കാണുന്നില്ല എന്ന് ഏറ്റുപറയേണ്ടിയിരുന്നു. മോൺ. അലോഷ്യസ് മരിയ ബെൻസിഗറിനെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതുവരെ ഫാ. അദെയോദാത്തൂസ് ആയിരുന്നു അദ്ദേഹത്തിന്റെ കുമ്പസാരക്കാരൻ.

വല്യച്ചനോടൊപ്പം ഞാൻ അനേകർക്ക് മാമ്മോദീസാ നല്കിയിട്ടുണ്ട്. അതിനെക്കുറിച്ച് അദ്ദേഹം ഒരിക്കലും സ്വയം പുകഴ്ത്തിയില്ല. നാം ചെയ്യുന്ന സൽപ്രവൃത്തികളെക്കുറിച്ച് മറ്റ് വൈദികരോട് പറയരുതെന്ന് അദ്ദേഹം എന്നോടു പറയുമായിരുന്നു. ചിലപ്പോൾ അവർക്ക് അദ്ദേഹത്തോട് അസൂയപ്പെടാം; ചിലപ്പോൾ അവർക്ക് അദ്ദേഹം ചെയ്തതുപോല ചെയ്യാനാവില്ലായിരിക്കും. ചിലപ്പോൾ അവരിൽ ഒരുതരം കുറ്റബോധം ഉണ്ടാകാം. ചിലപ്പോൾ, എനിക്കുതോന്നുന്നു, അതുകൊണ്ടായിരിക്കണം, അദ്ദേഹം ചെയ്ത നല്ല കാര്യങ്ങൾക്ക് പരസ്യം അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല, ആമച്ചലിലെ പള്ളി മോൺ. പീറ്റർ ബെർണാർഡ് പെരേരാ ഉത്ഘാടനം ചെയ്യാൻ വന്നപ്പോൾ അദ്ദേഹത്തോടൊപ്പം ചേർന്ന് ഞാൻ 150 പേർക്ക് മാമ്മോദീസ നല്കിയ ആ ദിവസം എന്റെ ചില വൈദിക സഹോദരങ്ങൾ എന്നെ “*ഡീലക്സ് മിഷനറി*” എന്നു വിളിച്ചിരുന്നു.

മുതിയാവിളയിലെ ചില വയോധികർ എന്നോട് ഒരു സംഭവം പറഞ്ഞു: ഒരിക്കൽ മോട്ടോർബൈക്കിൽ യാത്രചെയ്തിരുന്ന ഒരു യാത്രക്കാരൻ നരച്ച മുടിയുള്ള, അസുഖം ബാധിച്ച ഒരു ആൺകുട്ടിയെക്കണ്ടപ്പോൾ ഒരു പുച്ഛമായ പരാമർശം നടത്തി: യൂറോപ്യന്റെ ഒരു കുട്ടി പോകുന്നു എന്ന്. ഫാ. അദെയോദാത്തൂസ് അത് കേട്ട മാത്രയിൽ, ആ പരാമർശം നടത്തിയ ആളോട് പറഞ്ഞു: "*നല്ലതുതന്നെ എന്റെ കൂട്ടുകാരാ*". ഏതാനും മിനിറ്റുകൾക്കുശേഷം ആ മനുഷ്യൻ തന്റെ ബൈക്കിൽനിന്നും താഴെവീണ് അദ്ദേഹത്തിന്റെ കാലൊടിഞ്ഞു. വിവരമറിഞ്ഞ് ചുറ്റുമുള്ളവർ എത്തി. ആ സമയം മുതൽ അദ്ദേഹത്തിനെതിരായി എന്തെങ്കിലും പറയാൻ എല്ലാവർക്കും ഭയമായി.

പശ്ചാത്തപിക്കുന്നവർക്കും ഉപദേശങ്ങൾ നല്കിയിരുന്ന വളരെ നല്ലൊരു കുമ്പസാരക്കാരനായിരുന്നു അദെയോദാത്തൂസച്ചൻ. അഞ്ചുതെങ്ങിലെ ബഹുമാനപ്പെട്ട കന്യാസ്ത്രികൾക്ക് അദ്ദേഹം സ്ഥിരം കുമ്പസാരക്കാരനായിരുന്നു. അദ്ദേഹം നൂറനാട് കുഷ്ഠരോഗാശുപത്രിയിലെ കുഷ്ഠരോഗികളുടെയും അവിടെ ശുശ്രൂഷ ചെയ്തിരുന്ന ഹോളിക്രോസ് സിസ്റ്റേഴ്സിന്റെയും കുമ്പസാരം കേൾക്കുമായിരുന്നു. മലയാളത്തിലുള്ള അദ്ദേഹത്തിന്റെ ആദ്യ മിനിസ്ട്രി ദിവസങ്ങളിൽ അദ്ദേഹം സാധാരണപാപങ്ങളുടെ മലയാളത്തിലുള്ള പേരുകളുടെ ഒരു ലിസ്റ്റും അതിനു കൊടുക്കേണ്ട ഉപദേശങ്ങളുടെ പോയിന്റുകളും എഴുതിയ ഒരു കടലാസ്സ് കയ്യിൽ കരുതിയിരുന്നു. പക്ഷെ പിന്നീട് അദ്ദേഹത്തിന് അതിന്റെ ആവശ്യമൊന്നുമില്ലായിരുന്നു. കൊച്ചുകുട്ടികൾക്കും മനസ്താപപ്രകരണം അറിയാത്തവർക്കും അദ്ദേഹം അതിനെക്കുറിച്ച് ഒരു ചെറിയ ഫോർമുല എഴുതിയിരുന്നു, അത് പശ്ചാത്താപികളോടൊപ്പം അദ്ദേഹവും ചൊല്ലിയിരുന്നു. ആ ചെറിയ ഫോർമുല താഴെപ്പറയുന്നവയാണ്:

"*എന്റെ ഈശോയേ, ഞാൻ ഒരു പാപിയാണ്. എന്റെ പാപങ്ങളെല്ലാം ക്ഷമിക്കണമേ. ഞാൻ ഇനി ഒരു പാപവും ചെയ്യുകയില്ല. എന്റെ മാതാവേ, എന്നെ സഹായിക്കണമേ*". മനസ്താപപ്രകരണം അറിയാത്ത പാപികളെക്കൊണ്ട് ഇതു പറയിക്കാൻ അദ്ദേഹം എന്നെ നിർദ്ദേശിച്ചിരുന്നു.

ആരെങ്കിലും താൻ വ്യഭിചരിച്ചുവെന്ന് കുമ്പസാരിച്ചാൽ, അദ്ദേഹം ചോദിക്കും എത്ര പ്രാവശ്യം എന്ന്. അതിന് ആ വ്യക്തി മറുപടി പറയാൻ മടിക്കുന്നെങ്കിൽ അദ്ദേഹം സൂചിപ്പിക്കും നൂറു പ്രാവശ്യമാണോ എന്ന്. ഉടൻ തന്നെ മറുപടി വരും: ഇല്ല, ഇല്ല, മൂന്നോ നാലോ പ്രാവശ്യം മാത്രമേയുള്ളു. ഇതൊരു മാനസിക സമീപനമാണ്. ഇതൊരു നല്ല സമീപനമാണെന്ന് ഞാനും ചിന്തിച്ചു. എല്ലാ കുമ്പസാരങ്ങളും കേട്ടശേഷം അദ്ദേഹം ഉറക്കെ ചോദിക്കും, ഇനി ആരെങ്കിലുമുണ്ടോ എന്ന്. മറ്റാരെങ്കിലും ഉണ്ടെങ്കിൽ ഉടനെ അദ്ദേഹം ആ വ്യക്തിയെ വിളിച്ച് കുമ്പസാരം കേൾക്കുമായിരുന്നു. കൈക്കുഞ്ഞുങ്ങളുമായി വരുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ അദ്ദേഹം തന്റെ മടിയിലിരുത്തി അദ്ദേഹം അമ്മമാരുടെ കുമ്പസാരം കേട്ടിരുന്നു. ആ സമയങ്ങളിൽ കുഞ്ഞ് അദ്ദേഹത്തിന്റെ മടിയിലിരുന്ന് അദ്ദേഹത്തിന്റെ നീളമുള്ള താടി പിടിച്ച് കളിച്ചുകൊണ്ടിരിക്കുകയായിരിക്കും.

ഞാൻ എപ്പോഴും അത്ഭുതപ്പെടാറുണ്ടായിരുന്നു, അദ്ദേഹം ഇത്രയധികം ജോലികൾ എങ്ങനെ ചെയ്തിരുന്നു എന്ന്. അദ്ദേഹം രാവും പകലും ജോലിയിലാണ്. അദ്ദേഹം ഒരി

ക്കലും വെറുതെയിരിക്കാറില്ലായിരുന്നു. അദ്ദേഹം നന്ദൻകോടിലെ മിഷൻ ബർസാർ ആയിരുന്നു. പല മഠങ്ങളിലും കുമ്പസാരം കേൾക്കാനും അവർക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കാനും, ധ്യാനിപ്പിക്കാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. അദ്ദേഹത്തോട് മുതിയാവിളയിൽ ഒരു മഠം കൊണ്ടുവരാനുള്ള എന്റെ ആഗ്രഹം ഞാൻ അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു അതൊരു നല്ല കാര്യമാണെന്ന്. അങ്ങനെ പട്ടത്താനം കന്യാസ്ത്രികളെ അവിടേയ്ക്കു കൊണ്ടുവന്നു. അദ്ദേഹം അവരെ സ്നേഹിച്ചു; അദ്ദേഹം അവർക്കായി ക്ലാസ്സുകൾ എടുക്കുകയും അവരുടെ കുമ്പസാരങ്ങൾ കേട്ടിരുന്നു. അതിനോടൊപ്പം തന്നെ അദ്ദേഹത്തിനു ലഭിച്ചിരുന്ന എല്ലാ കത്തുകൾക്കും അദ്ദേഹം മറുപടി എഴുതിയിരുന്നു. ആരെങ്കിലും അദ്ദേഹത്തിന്റെ അടുക്കൽ ഉപദേശത്തിനായി വന്നപ്പോൾ അവരുടെ അഡ്രസ്സ് അദ്ദേഹം വാങ്ങിവയ്ക്കുകയും പിന്നീട് അദ്ദേഹം അവർക്ക് കത്തുകൾ അയയ്ക്കുകയും ചേയ്തിരുന്നു. എനിക്കറിയാവുന്ന ഒരു നേഴ്സിന് ഏകദേശം 30 കത്തുകൾ എഴുതിയിരുന്നു, അങ്ങനെ അവരുടെ എല്ലാ സംശയങ്ങൾക്കും ഉത്തരം കൊടുത്തിരുന്നു. അതെല്ലാം അവൾ നിധിപോലെ സൂക്ഷിച്ചുവച്ചിരുന്നു. അവളുടെ പേര് ലില്ലി എന്നായിരുന്നു. അതെല്ലാം ഞാൻ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മരണത്തിന് കൃത്യം രണ്ടു മാസം മുമ്പ് അദ്ദേഹം അവൾക്ക് മറ്റൊരു കത്തും എഴുതിയിരുന്നു. അതും ഞാൻ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ കത്തിൽ, ഇവിടെ ഈ ലോകത്തുവച്ച് തനിക്ക് അവളെ കാണാൻ സാധിക്കുമോ എന്ന് സംശയമുണ്ടെന് അദ്ദേഹം എഴുതിയിരുന്നു; പക്ഷെ അദ്ദേഹം കൂട്ടിച്ചേർത്തു "*നമ്മൾ സ്വർഗ്ഗത്തിൽ വച്ച് കണ്ടുമുട്ടും*". അദ്ദേഹം എന്നോടു പറയുമായിരുന്നു, അവർക്കുവേണ്ടി ആവശ്യമുള്ളതെല്ലാം ചെയ്യാൻ അവർക്ക് അറിവില്ലാത്തതുകൊണ്ട് കന്യാസ്ത്രികൾക്ക് എന്റെ സഹായം ആവശ്യമുണ്ട്, നമ്മൾ പുരോഹിതരായിരിക്കണം അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാൻ കടപ്പെട്ടിട്ടുള്ളത്.

അങ്ങനെ ഉപദേശത്തിനായി തന്നെ സമീപിക്കുന്നവർക്കെല്ലാം കത്തുകളിലൂടെ മറുപടി നല്കാൻ വല്യച്ചൻ തയ്യാറായി. വളരെപ്പേൾ ആ കത്തുകളെല്ലാം ഒരു നിധിപോലെ സൂക്ഷിച്ചു വച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ എല്ലാ കത്തുകളിലും അദ്ദേഹം ആദ്യം എഴുതിയിരുന്നത്: ജെ. എം. ജെ. റ്റി. (J.M.J.T.); അതായത്: ഈശോ, മറിയം, യൗസേപ്പ്, ത്രേസ്യാ (Jesus, Mary, Joseph, Teresa). റ്റി. (T.) പരാമർശിക്കുന്നത് കർമ്മെലീത്താസഭ നവീകരിച്ച ആവിലായിലെ വി. ത്രേസ്യയാണ്. അദ്ദേഹത്തിന് എന്നോടു വലിയ സ്നേഹം ഉണ്ടായിരുന്നതുപോലെ എല്ലാ കത്തുകളിലും അദ്ദേഹം എന്റെ പേര് പരാമർശിക്കാറുണ്ടായിരുന്നു; കൊച്ചച്ചൻ സുഖമായിരിക്കുന്നു; അവൻ നല്ലവനാണ് എന്നൊക്കെ. അദ്ദേഹം തന്റെ നോട്ടുകൾ എഴുതാൻ പുതിയ പേപ്പറുകൾ ഉപയോഗിക്കാറില്ല. അദ്ദേഹം കത്തുവരുന്ന കവറുകൾ, അദ്ദേഹത്തിന് ലഭിക്കുന്ന എഴുത്തുകളിൽ എഴുതാത്ത സ്ഥലങ്ങൾ എന്നിവയിലാണ് എഴുതിയിരുന്നത്. നമ്മൾ ദൂരെയെറിയുന്ന ഉപയോഗിച്ച സാധനങ്ങൾ ഒരു ടിന്നിൽ സൂക്ഷിച്ചുവയ്ക്കുമായിരുന്നു. ഒരിക്കൽ ഞാൻ അദ്ദേഹത്തോടു ചോദിച്ചു, ആക്രിക്കാർക്കു കൊടുക്കാതെ എന്തിനാണ് അപ്രകാരം ചെയ്യുന്നതെന്ന്. അദ്ദേഹത്തിന്റെ ഉത്തരം ഒരു ദിവസം നമുക്ക് അവയെക്കൊണ്ട് ഉപയോഗം ഉണ്ടാകും എന്നായിരുന്നു. അതു ശരിയായിരുന്നു എന്ന് ഞാൻ തെളിയിച്ചിട്ടുണ്ട്, കാരണം, വളരെയേറെ

സമയം അത്തരം സാധനങ്ങൾ നമ്മളെ സഹായിച്ചിട്ടുണ്ട്. ഒരു ദിവസം ഒരു വയസ്സായ വിധവ അദ്ദേഹത്തിന്റെ അടുക്കൽ സഹായത്തിനായി വന്നു; ആ സ്ത്രീ നന്ദി പറയുന്നതിനിടയിൽ പറഞ്ഞു: ദൈവം നിങ്ങൾക്ക് നൂറിരട്ടി തിരികെ നല്കട്ടെ. അതേ ദിവസം തന്നെ അജ്ഞാതനാ ഏതോ ഒരു മനുഷ്യൻ അദ്ദേഹത്തിന് 100 രൂപാ മണിയോർഡർ ആയി അയച്ചുകൊടുത്തു. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് അച്ചൻ പറയുമായിരുന്നു, എപ്രകാരമാണ് പാവപ്പെട്ടവരുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നതെന്ന്.

ചിലപ്പോൾ ചില യുവാക്കളോ പ്രായപൂർത്തിയായ പുരുഷന്മാരോ സ്ത്രകൾ വ്യഭിചരിക്കുന്നു എന്ന് ആരോപിച്ച് വല്യച്ചന്റെ അടുക്കൽവന്ന് പരാതിപ്പെട്ടു, ഈ സ്ത്രീ അല്ലെങ്കിൽ ആ സ്ത്രി ഗർഭിണിയായെന്ന്. അദ്ദേഹം അവരോടു മറുപടി പറഞ്ഞു: ഒരു പുരുഷനായിരിക്കുമ്പോൾ ഗർഭം ധരിക്കാൻ കഴിയുമെങ്കിൽ, നിങ്ങൾ എത്ര തവണ ഗർഭിണിയാരുമായിരുന്നു. നിങ്ങൾ പുരുഷന്മാരായതിനാൽ നിങ്ങൾ ഗർഭം ധരിക്കുകയില്ല. സ്ത്രീകളെ ഗർഭിണിയാക്കുന്നത് പുരുഷന്മാരല്ലേ? അദ്ദേഹം ഇത് പറഞ്ഞതും ആരോപണക്കാർ സ്ഥലം വിട്ടു. ആ വഴിക്ക് ഗർഭിണിയാകുന്ന സ്ത്രീകളോട് അദ്ദേഹത്തിന് വളരെ ദയയും പരിഗണനയുമുണ്ടായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെമേൽ ആരോപണം നടത്തിയവരോട് ഈശോ ചോദിച്ചില്ലേ, പാപം ചെയ്യാത്തവൻ അവളുടെമേൽ ആദ്യത്തെ കല്ലെറിയട്ടെ. അവരെല്ലാവരും ചെറുപ്പക്കാർ മുതൽ മുതിർന്നവർ വരെ ഓരോരുത്തരായി സ്ഥലം വിട്ടു. അദ്ദേഹം എന്നോടു പറയുമായിരുന്നു: "*ഒരിക്കലും സ്ത്രീകളെ, അവർ ബന്ധുക്കളായിരുന്നാൽപോലും നിന്റെ കിടപ്പുമുറിയിൽ കയറ്ററുത്; പ്രായപൂർത്തിയായ നമ്മൾപോലും സ്ത്രീകളുമായ ഇടപാടുകളിൽ ശ്രദ്ധാലുവായിരിക്കണം. കാരണം, ലൈംഗികതയെ സംബന്ധിച്ചിടത്തോളം പ്രായം ഒരു തടസ്സമല്ല; നമ്മൾ പരാജയപ്പെട്ടേക്കാം. പ്രായത്തിൽ, വാർദ്ധക്യംപോലും നമുക്ക് പ്രതിരോധശേഷം നല്കുന്നില്ല*".

വൈകുന്നേരങ്ങളിൽ വളരെ വൈകി അദ്ദേഹം പള്ളിയുടെ മുറ്റത്തുകൂടി ജപമാല ചൊല്ലിക്കൊണ്ട് നടക്കാറുണ്ടായിരുന്നു. ആരെങ്കിലും അദ്ദേഹത്തോട് സംസാരിക്കാൻ വന്നാൽ, അദ്ദേഹം പ്രാർത്ഥന നിർത്തിയിട്ട് ആ വ്യക്തിയെ കേൾക്കുമായിരുന്നു. ഫാ. അദെയോദാത്തൂസിനൊപ്പം ജീവിച്ച ആ ആറുവർഷങ്ങൾ ഞാനൊരിക്കലും മറക്കില്ല. ഞാൻ സെമിനാരിയിലെ പഠനകാലത്തു മുഴുവൻ ലഭിക്കാത്ത അറിവും അനുഭവവും ആ ആറു വർഷങ്ങളിൽ എനിക്കു ലഭിച്ചു. എല്ലാ കാര്യത്തിലും അദ്ദേഹം ധൈര്യശാലിയും അനുകരണീയനുമായിരുന്നു. അദ്ദേഹം തീർച്ചയായും അച്ചടക്കമുള്ള മുൻ സൈനികനായിരുന്നു.

ആ ദിവസങ്ങളിൽ, അതായത് 50 വർഷങ്ങൾക്കുമുമ്പ് മുതിയാവിള പ്രദേശം മുഴുവനും, കാട്ടാക്കട, കൊളവുപാറ, കള്ളിക്കാട്, മുകുന്ദറ, ചെട്ടിക്കുന്ന്, ചെമ്പനാംകോട് മുതലായവ അവികസിത പ്രദേശങ്ങളായിരുന്നു. അമ്പൂരി, മായം, തേക്കുപാറ, മറ്റ് അയൽ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മദ്ധ്യകേരളത്തിൽനിന്നുള്ള കുടിയേറ്റക്കാരുണ്ടായിരുന്നു. അവർ സീറോ-മലബാർ റീത്തിൽപ്പെട്ടവരായിരുന്നു. കുറെ വർഷങ്ങൾക്കുശേഷമായിരുന്നു ഫാ. അദെയോദാത്തൂസിന് ഏതാനും തദ്ദേശീയരായ അസിസ്റ്റന്റുമാരെ ലഭിച്ചിരുന്നു. മേയ് 5, 1963 മുതൽ അദെയോദാത്തൂസച്ചന്റെ മരണശേഷം വരെ അദ്ദേഹത്തിന്റെ അസിസ്റ്റന്റായിരുന്ന ഞാൻ മുതിയാവിളയുടെ ഇടവക വികാരിയായി. ചങ്ങനാശ്ശേരി അതിരൂപതയുടെ

ഭരണാധികാരം തെക്കേയറ്റം വരെ നീട്ടിയതുവരെ സീറോ-മലബാർ കത്തോലിക്കാ സ്റ്റേഷനുകളായ മായം, അമ്പൂരി. വാവോട് മുതലായവ വല്യച്ചന്റെ പരിചരണത്തിലായിരുന്നു. ആ സമയത്ത് ആ പ്രദേശങ്ങൾ മുഴുവൻ പകർച്ചവ്യാധികളാലും ദാരിദ്ര്യത്താലും കഷ്ടപ്പെട്ടിരുന്നു. വളരെപ്പേർ കുട്ടികൾ ഉൾപ്പെടെ മരിച്ചുകൊണ്ടിരുന്നു. വല്യച്ചൻ അവിടെച്ചെന്ന് ആ മുഴുവൻ പ്രദേശവും ആശീർവ്വദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അതിൽപ്പിന്നെ അവർ പറയുന്നു, ആ സ്ഥലങ്ങളിലെല്ലാം അവരുടെ കുഞ്ഞുങ്ങൾ സുരക്ഷിതരായി എന്ന്.

അച്ചൻ വെളിയിൽപ്പോകുമ്പോഴെല്ലാം അദ്ദേഹം തന്റെ പ്രാർത്ഥനാ പുസ്തകം (വൈദികരും സന്യസ്തരും ഉപയോഗിക്കുന്നത്) കൊണ്ടുപോകുമായിരുന്നു. ആ കാലങ്ങളിൽ അത് ലത്തീനിലായിരുന്നു എഴുതിയിരുന്നത്. അതുകൊണ്ട് അദ്ദേഹത്തിന് ബസ്സു കാത്തുനില്ക്കുമ്പോഴോ, അല്ലെങ്കിൽ നടക്കുമ്പോഴോ അദ്ദേഹത്തിന് പ്രാർത്ഥിക്കാൻ സാധിക്കുമായിരുന്നു. അദ്ദേഹത്തിന് മിലിട്ടറിക്കാർ ഉപയോഗിച്ചിരുന്ന ഒരു വലിയ മാറാപ്പുസഞ്ചി ഉണ്ടായിരുന്നു. അതിന്റെ വിവിധ പോക്കറ്റുകളിൽ അദ്ദേഹം ഡയറി, പ്രാർത്ഥനാപുസ്തകം, മാമ്മോദീസായ്ക്കും, രോഗീലേപനത്തിനും ഉപയോഗിക്കുന്ന വിശുദ്ധ എണ്ണ മുതലായവ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ പട്ടാളക്കാർ ഉപയോഗിച്ചിരുന്ന ചൂടുവെള്ളം എടുക്കാനുള്ള ഒരു കുപ്പി അദ്ദേഹത്തിന്റെ കയ്യിൽ എപ്പോഴും ഉണ്ടായിരുന്നു. ഇതെല്ലാം തോളിൽ ചുമന്ന് നടന്നായിരുന്നു അദ്ദേഹം പോയിരുന്നത്. വീടുകളിലും സബ്സ്റ്റേഷനുകളിലും സന്ദർശിക്കാൻ പോകുമ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ ആളുകൾ തന്നോട് ആവശ്യപ്പെട്ടത് വിതരണം ചെയ്യാനുള്ള സാധനങ്ങളും ആ സഞ്ചിയിൽ ഉണ്ടായിരുന്നു. ഇതെല്ലാം ആ സഞ്ചിയിൽ പാക്കുചെയ്തിരുന്നു.

ആ നാളുകളിൽ ആ സ്ഥലങ്ങളിൽ നല്ല റോഡുകളൊന്നും ഇല്ലായിരുന്നു. അവിടെ കാട്ടാനകളും മറ്റു വന്യമൃഗങ്ങളുമെല്ലാം ഉണ്ടായിരുന്നു. ഒരു നീണ്ട വടിയുമായി അവിടെ വളർന്നു നില്ക്കുന്ന ഉയരമുള്ള പുല്ലുകൾക്കിടയിലൂടെ സഞ്ചരിക്കേണ്ടിവന്നു അദ്ദേഹത്തിന്. മായത്തും അമ്പൂരിയിലും വിശുദ്ധ കുർബ്ബാന ആഘോഷിക്കാനായി പോയിരുന്നപ്പോൾ ഇതായിരുന്നു അദ്ദേഹം ചെയ്തിരുന്നതും. അദ്ദേഹം ഉപയോഗിച്ചിരുന്ന നീണ്ട വടി ഞാൻ എന്റെ അടുക്കൽ സൂക്ഷിച്ചിട്ടുണ്ട്. അവിടെനിന്നും അദ്ദേഹം തിരിച്ചുവരുമ്പോൾ ആ സ്ഥലങ്ങളിൽ സ്ഥിരമായി കാണാറുണ്ടായിരുന്ന ഒരു പ്രത്യേക പുഴു കടിച്ച് അദ്ദേഹത്തിന്റെ കാലുകളിൽനിന്നും രക്തം ഒഴുകിയിരുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. ആ പുഴുവിനെ തോട്ടപ്പുഴു എന്നാണ് വിളിക്കുന്നത്. എന്നിരുന്നാലും അദ്ദേഹത്തിന്റെ മുഖത്ത് ആനന്ദവും സംതൃപ്തിയും ഞങ്ങൾക്കു കാണാമായിരുന്നു. അദ്ദേഹം 10 മുതൽ 40 മൈലുകൾ നടക്കുമായിരുന്നു. മിനിസ്ട്രിയ്ക്കായി ഏറ്റവും കഠിനമായ പ്രദേശങ്ങൾ തിരഞ്ഞെടുക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. *വല്യച്ചൻ* അകലെയുള്ള സ്റ്റേഷനുകളിൽ പോയിരുന്നപ്പോൾ ഞാൻ മുതിയാവിളയിലും അടുത്തുള്ള സ്റ്റേഷനുകളിലുമായിരുന്നു വിശുദ്ധ കുർബ്ബാന ചൊല്ലിയിരുന്നത്. എന്നിരുന്നാലും, എത്രമാത്രം തിരക്കിൽപ്പെട്ടാലും അദ്ദേഹം പാളയത്തെ മൈനർസെമിനാരിയിൽ പോകുന്നത് അദ്ദേഹം ഒരിക്കലും ഒഴിവാക്കിയിരുന്നത് (ഇന്ന് ആ സ്ഥലത്ത് ജൂബിലി മെമ്മോറിയൽ ആശുപത്രി സ്ഥിതിചെയ്യുന്നു). അദ്ദേഹം അവരുടെ ആത്മീയപിതാവായിരുന്നു. മിഷനറിമാരുടെ ഇടയിൽ അദ്ദേഹം

ഏറ്റവും ബുദ്ധിയുള്ള ആത്മീയ പിതാവായിരുന്നു. മായം-അമ്പൂരി പ്രദേശങ്ങളിൽ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ഇടവക വികാരിയായി നിയമിക്കപ്പെട്ടിരുന്നെങ്കിലും മരണം വരെ വല്യച്ചൻ അവിടെയുള്ള ബഹുമാനപ്പെട്ട കന്യാസ്ത്രികളുടെ കുമ്പസാരം കേൾക്കാനും അവർക്ക് നിർദ്ദേശങ്ങൾ നല്കാനും പോയിരുന്നു. അദ്ദേഹത്തിന് മായം-അമ്പൂരി പ്രദേശങ്ങളിൽ എത്തിപ്പെടാൻ 13 മൈലുകൾ നടക്കണമായിരുന്നു. ആ ദിവസങ്ങളിൽ അവിടെ പള്ളിയോ പള്ളിമേടയോ ഉണ്ടായിരുന്നില്ല. അദ്ദേഹം ആ സ്ഥലങ്ങളിൽ വൈകുന്നേരമാണ് എത്തുന്നതെങ്കിൽ വിശ്രമിക്കാനായി ഏതെങ്കിലും ഒരു ഭവനത്തിൽ തങ്ങുമായിരുന്നു. അദ്ദേഹം വളരെയേറെ താമസിച്ച് രാത്രി ചെല്ലുന്നതെങ്കിൽ കുടുംബക്കാരെ ശല്യപ്പെടുത്താതെ അവരുടെ വീടിന്റെ തുറന്ന വരാന്തയിൽ ഒരു ഷീറ്റു വിരിച്ച് അവിടെ കിടന്നുറങ്ങുമായിരുന്നു. വല്യച്ചൻ അവരെ എത്തിയെന്ന് ചുറ്റുപാടുമുള്ള ആളുകൾ അറിഞ്ഞുവെങ്കിൽ, എല്ലാവരും അദ്ദേഹത്തിന്റെ അടുക്കൽ ഉടൻതന്നെ ചുറ്റും കൂടിയിരുന്നു. അദ്ദേഹം വിശുദ്ധ കുർബ്ബാന ആരംഭിച്ചിരുന്നത് അവിടെ കൂടിയിരുന്നവരുടെയെല്ലാം കുമ്പസാരം കേട്ടതിനുശേഷമായിരുന്നു. ചെട്ടിക്കുന്നിലേയ്ക്കു പോകണമെങ്കിൽ അദ്ദേഹത്തിന് ആറ് നീന്തിക്കടന്ന് മറുകരെ ചെന്ന് വീണ്ടും മൈലുകൾ നടന്നുപോകേണ്ടിയിരുന്നു. ആ ദിവസങ്ങളിൽ ബസ് സർവ്വീസ് ക്രമരഹിതമായിരുന്നു. ചിലസ്ഥലങ്ങളിൽ അദ്ദേഹം സൈക്കിളിൽ പോകുമായിരുന്നു. ഞായറാഴ്ചകളിൽ അതിരാവിലെ പോകുന്ന സമയത്ത്, വൈകിട്ട് വളരെ താമസിച്ചുമാത്രമേ തിരിച്ചെത്താറുണ്ടായിരുന്നുള്ളു. അദ്ദേഹം ചൂടുവെള്ളം ഒരു പാത്രത്തിലൊഴിച്ച് അതിൽ കാൽ മുക്കിവയ്ക്കുമായിരുന്നു. ഒരിക്കൽ ഒരു ആഴ്ച മൂന്നു വ്യക്തികൾ കൊളവുപാറയിൽ വസൂരി മൂലം മരിച്ചുപോയി. ഒരാൾ മരിച്ചത് ഞായറാഴ്ചയായിരുന്നു. ആ രാത്രി തന്നെ ആ ശരീരം മറവുചെയ്യണമെന്ന് അദ്ദേഹത്തിന്റെ ബന്ധുക്കൾ ആവശ്യപ്പെട്ടു. സർവ്വീസുകൾക്കുശേഷം മടുത്ത് അദ്ദേഹം വന്നു കയറിയതേയുണ്ടായിരുന്നുള്ളു. അദ്ദേഹം എന്നോട് അടക്കിനു പോകാൻ പേടിയുണ്ടോ എന്നു ചോദിച്ചു. അപ്പോൾ സന്ധ്യ കഴിഞ്ഞിരുന്നു. വളരെ പേടി ഹൃദയത്തിലുണ്ടായിരുന്നിട്ടും, ഞാൻ കാറിൽ കയറി. വീട്ടിലെത്താൻ ഞങ്ങൾക്ക് കാൽനടയായി മൈലുകൾ താണ്ടേണ്ടിയിരുന്നു; അതും ആ വഴി മുഴുവൻ കല്ലുകൾ നിറഞ്ഞതായിരുന്നു. ഞാൻ നിസ്സംഗത കാണിച്ചിരുന്നെങ്കിൽ അദ്ദേഹം തന്നെ പോകുമായിരുന്നു. എന്തായിരുന്നാലും, എനിക്ക് വസൂരി ബാധിച്ചില്ല. അങ്ങനെ വളരെയേറെ അനുഭവങ്ങളുണ്ട്. 40 വർഷങ്ങൾക്കുമുമ്പു നടന്ന എല്ലാ കാര്യങ്ങളും ഞാൻ ഓർമ്മിക്കുന്നില്ല.

ഇടവക കാര്യങ്ങളിൽ ഞാൻ ഇതിനകം നന്നായി പരിചയപ്പെട്ടപ്പോൾ, അദ്ദേഹം തിങ്കളാഴ്ച രാവിലെ നന്ദൻകോടുള്ള അദ്ദേഹത്തിന്റെ ഔദ്യോഗികവസതിയിലേയ്ക്കു യിട്ട് ശനിയാഴ്ച വൈകുന്നേരം തിരിച്ചുവരുമായിരുന്നു. വല്ലപ്പോഴും എന്തെങ്കിലും പ്രത്യേക ആവശ്യമുണ്ടായിരുന്നെങ്കിൽ അദ്ദേഹം മുതിയാവിളയിലേയ്ക്ക് തിരിച്ചുവരുമായിരുന്നു. 1967 മുതൽ, അദ്ദേഹം ചൊവ്വാഴ്ച, ബുധനാഴ്ച, വ്യാഴാഴ്ച എന്നീ ദിവസങ്ങളിൽ മുതിയാവിളയിൽ അദ്ദേഹം ഇല്ലായിരുന്നു. ചില പ്രായമുള്ള റിട്ടയർ ചെയ്ത വൈദികർ ആ ഔദ്യോഗികവസതിയിൽ താമസിച്ചിരുന്നു; അവിടെയും അദ്ദേഹം ബർസാറായി ജോലി നോക്കിയിരുന്നത്. നേരത്തെ പറഞ്ഞിരുന്നതുപോലെ, അങ്ങനെയുള്ള ദിവസങ്ങളിൽ അദ്ദേഹം നന്ദൻകോടിൽ നിന്നും തനിക്കു വന്നിരുന്ന കത്തുകൾക്ക് മറുപടി അയച്ചിരു

ന്നു. എന്നെ എന്തെങ്കിലും കുഴപ്പത്തിൽ കണ്ടെത്തിയാൽ, അദ്ദേഹം വന്ന് ആ കുഴപ്പങ്ങളെല്ലാം സ്വയം ഏറ്റെടുത്തിരുന്നു. അങ്ങനെ കൊച്ചച്ചൻ എല്ലായ്പോഴും സുരക്ഷിതനായിരുന്നു. ആരും കൊച്ചച്ചനിൽ ഒരു കുറ്റവും കണ്ടെത്തിയിരുന്നില്ല. എന്റെ കയ്യിൽ ചെസ്റ്റർട്ടൺ എഴുതിയ രണ്ടു പുസ്തകങ്ങളുണ്ടായിരുന്നു. വല്യച്ചന് സമയമുള്ളപ്പോൾ അത് വായിക്കാൻ ഇഷ്ടമായിരുന്നു. അതിനുശേഷം അതിനെക്കുറിച്ച് എന്തായിരുന്നു അദ്ദേഹം ചിന്തിച്ചിരുന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. അദ്ദേഹത്തിന്റെ വയസ്സുകാലത്തും അദ്ദേഹത്തിന്റെ കണ്ണുകൾ തിളക്കമേറിയവയായിരുന്നു; അതേസമയം അവ കുറ്റമറ്റതായിരുന്നു. മതിയായ വെളിച്ചമില്ലാതെ ഞാൻ വായിക്കുന്നത് അദ്ദേഹം കണ്ടാൽ കണ്ണുകൾ നശിപ്പിക്കുന്നതിന്റെ അപകടത്തെക്കുറിച്ച് അദ്ദേഹം എനിക്ക് മുന്നറിയിപ്പ് നൽകാറുണ്ടായിരുന്നു. വല്യച്ചന് നേത്ര ശസ്ത്രക്രിയ നടത്തണമെന്നായിരുന്നു ഡോക്ടറുമാരുടെ അഭിപ്രായം. അദ്ദേഹം അതിനെ എപ്പോഴും ഭയന്നിരുന്നു, ഒരുപക്ഷെ അതിന്റെ വിജയത്തെക്കുറിച്ച് അദ്ദേഹത്തിന് ഉറപ്പില്ലായിരുന്നു. അദ്ദേഹത്തിന് ഉള്ള കാഴ്ചപോലും നഷ്ടപ്പെടുമോ എന്ന ഭയമായിരുന്നു.

ഒരു ദിവസം അദ്ദേഹം ആധുനികകലയെക്കുറിച്ചുള്ള തന്റെ അഭിപ്രായം എന്നോടു പറയുകയായിരുന്നു; ക്രമമില്ലാതെ എന്തെങ്കിലും വരച്ചാൽ മതിയായിരുന്നു. അങ്ങനെ ഒരിക്കൽ അദ്ദേഹം ഭാവനയിൽനിന്നും തന്റെ കുരുവികളുടെ ഒരു കൂട് പെയിന്റ് ചെയ്ത് ഒരു അമേരിക്കൻ മാസികയ്ക്ക് അയച്ചുകൊടുത്തു. അതിന്റെ സമ്മാനമായി അവർ $5 ഡോളർ അദ്ദേഹത്തിന് അയച്ചുകൊടുത്തു.

അദ്ദേഹം വളരെ ലാളിത്യമുള്ള വ്യക്തിയായിരുന്നതിനാൽ കാർമ്മെൽഹില്ലിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ അദ്ദേഹത്തിനോട് കൗശലം കാണിച്ചിരുന്നു. രണ്ടുപ്രാവശ്യം അപ്രകാരം സംഭവിച്ചു; അവർ തന്നോട് കൗശലമാണ് കാട്ടുന്നതെന്ന് മനസ്സിലാക്കിയപ്പോൾ, അദ്ദേഹം മനസ്സുനിറഞ്ഞ് അവരോടൊപ്പം ചിരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ നർമ്മസ്വഭാവം അങ്ങനെ പ്രകടമായിരുന്നു.

ഒരിക്കൽ അദ്ദേഹം തിരുവനന്തപുരത്തെ കിഴക്കേക്കോട്ടയിൽനിന്നും ഒരു ബസ്സിൽ കയറി. അപ്പോൾ ഒരു കൂട്ടച്ചിരി മുഴങ്ങി. അദ്ദേഹം കയറിയ ബസ്സ് സ്ത്രീകൾക്കുമാത്രം പോകേണ്ടിയിരുന്ന ബസ്സായിരുന്നു. കണ്ടക്ടർ അദ്ദേഹത്തോട് ഇറങ്ങിപ്പോകാൻ ആവശ്യപ്പെട്ടു. ഇത് സ്ത്രീകൾക്കു മാത്രമുള്ള ബസ്സാണ് എന്ന് കണ്ടക്ടർ പറഞ്ഞു. ഇതിൽ പുരുഷന്മാർക്ക് യാത്ര ചെയ്യാൻ പാടില്ല. വല്യച്ചൻ നർമ്മം തുളുമ്പുന്ന രീതിയിൽ തിരിച്ചടിച്ചു: പക്ഷെ നിങ്ങളും ഒരു പുരുഷനാണല്ലോ; അപ്പോൾ നിങ്ങളും ഇതിൽനിന്ന് ഇറങ്ങിപ്പോകണം. അങ്ങനെ സ്ത്രീകളുടെ സഹായത്താൽ ആ ബസ്സിൽതന്നെ അദ്ദേഹത്തിന്റെ യാത്ര തുടരാൻ സാധിച്ചു.

ഒരിക്കൽ ബിഷപ്പ് ദെരേരാ എനിക്ക് ഒരു ട്രാൻസഫർ നല്കാൻ ആഗ്രഹിച്ചു. പക്ഷെ വല്യച്ചൻ അദ്ദേഹത്തോടു പറഞ്ഞു, "*ഇപ്പോൾ ജെയിംസച്ചൻ ട്രാൻസഫറായാൽ മറ്റൊരു അസിസ്റ്റന്റിന് പരിശീലനം കൊടുക്കാൻ പ്രയാസമുണ്ട്*". അങ്ങനെ എന്റെ ട്രാൻസഫർ ഉപേക്ഷിക്കുകയും അദ്ദേഹത്തിന്റെ മരണം വരെ ഞാൻ അദ്ദേഹത്തിന്റെ അസിസ്റ്റന്റായി തുടരുകയും ചെയ്തു.

എല്ലാ ദിവസവും അത്താഴസമയത്ത് വല്യച്ചൻ എന്നോടു ചോദിക്കും, വിവിധ പള്ളികളിൽ എത്രപേർക്ക് വിശുദ്ധ കുർബ്ബാന ലഭിച്ചു? എത്രപേർ സന്നിഹിതരായിരുന്നു? ഏതെങ്കിലും മാമ്മോദീസാ ഉണ്ടായിരുന്നോ? അതുപോലെ തന്നെ രോഗീലേപനത്തിന്റെ കാര്യമോ? ആളുകൾ കുമ്പസാരത്തിനു വന്നിരുന്നുവോ? മുതലായവ. ആത്മാക്കളുടെ രക്ഷയെക്കുറിച്ചും, ക്രൈസ്തവ വിശ്വാസത്തിലേയ്ക്ക് ആളുകളെ എത്തിക്കുന്നതിനെക്കുറിച്ചും അദ്ദേഹം എപ്പോഴും ഉത്ക്കണ്ഠാകുലനായിരുന്നു.

മേയ് 14, 1967-ൽ ബിഷപ്പ് പീറ്റർ ബെർണാർഡ് പെരേരാ മുതിയാവിളയിലെ ഒരു മഠത്തിന് തറക്കല്ലിട്ടു. അതേ വർഷം തന്നെ ഏപ്രിൽ 30ന് അദ്ദേഹം കണ്ടംത്തിട്ട പള്ളി ആശീർവ്വദിച്ചു. വല്യച്ചൻ രൂപതയ്ക്കുവേണ്ടി രണ്ടു യുവാക്കളെ വൈദികരാക്കാൻ അയച്ചു. അതിലൊന്ന് പള്ളിയോട് ഇടവകയിലെ ഫാ. പോളും; മറ്റേയാൾ തൂങ്ങാംപാറയിൽനിന്നുള്ള റവ. ഫാ. ഫ്രാൻസിസ് അംബ്രോസ്; ഇപ്പോൾ അദ്ദേഹം തന്റെ ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു. അതുപോലെ തന്നെ, അദ്ദേഹം തൂങ്ങാംപാറയിൽനിന്നുള്ള ജെറാൾഡിനെ സലേഷ്യൻ സഭയിൽ ഒരു ബ്രദറാകാനായി അയച്ചു. പിന്നീട് അദ്ദേഹം വൈദികനായി. ഇന്ന് അദ്ദേഹം ഒരു വൈദികനായി സേവനമനുഷ്ഠിക്കുകയായിരുന്നു. മുതിയാവിളയിൽനിന്നും കൊച്ചുത്രേസ്യായെ അദ്ദേഹം ഒരു മഠത്തിലയച്ചു. ഇന്ന് അവൾ കർണ്ണാടകയിലെ ഒരു മഠത്തിൽ സേവനം ചെയ്യുന്നു. മുതിയാവിളയിൽനിന്നുള്ള റോസലി പുല്ലുവിളാകത്ത് പട്ടത്താനത്തെ ഒരു സിസ്റ്ററാണ്; ഇപ്പോഴത്തെ അവളുടെ പേര് റവ. സി. വാലെന്റൈൻ മേരി FIH. അങ്ങനെ, പൗരോഹിത്യ-സന്യാസ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം അതീവ താൽപര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ വളരെയധികം കത്തുകൾ ഇതിന് സാക്ഷ്യം പറയുന്നു. ഒരു അത്താഴവേളയിൽ അദ്ദേഹം പറഞ്ഞത് ഞാൻ ഓർക്കുന്നു: "*ഒരു രൂപതാദ്ധ്യക്ഷൻ, അദ്ദേഹത്തിന് ഒരുപാട് വരങ്ങളോ വിശുദ്ധിയോ ഇല്ലെങ്കിലും, ഒരു നല്ല പുരോഹിതനെ അദ്ദേഹത്തിന്റ സഹായിയായി ലഭിച്ചാൽ, അദ്ദേഹത്തിന്റെ ശുശ്രൂഷ വളരെ ഫലവത്തായ ഒന്നായിരിക്കും*".

അദ്ദേഹത്തിന്റെ സാധാരണ ഭക്ഷണം സാധാരണയേക്കാൾ താഴ്ന്ന ഗ്രേഡാണ്. ശ്രീ. രാജൻ പണിക്കർ, അച്ചന്റെ പാചകക്കാരൻ ഭക്ഷണം പാകംചെയ്ത് അവയെല്ലാം മേശമേൽ കൊണ്ടുവന്നു വയ്ക്കും; അച്ചൻ തന്നെ അത് രണ്ടു ഭാഗങ്ങളായി തിരിക്കും; ഒന്ന് എനിക്കും മറ്റേത് അദ്ദേഹത്തിനും. ഞങ്ങൾക്കു രണ്ടുപേർക്കും ഒരേ തരം പ്ലേറ്റാണുള്ളത്. അദ്ദേഹം പറയുമായിരുന്നു, അയൽവക്കത്തുള്ള കുടുംബത്തിലെ ഒരു പട്ടി ആ സമയം തന്നെ വന്നു കയറുമായിരുന്നു. അതിന് അദ്ദേഹത്തിന്റെ വിഹിതം അദ്ദേഹത്തിന്റെ പ്ലേറ്റിൽ തന്നെ വച്ചുകൊടുക്കുമായിരുന്നു അദ്ദേഹത്തിനറിയാമായിരുന്ന ഒരു പട്ടി ആ പ്ലേറ്റ് നന്നായി വൃത്തിയാക്കുന്നുണ്ട് എന്ന് അദ്ദേഹം പറയുമായിരുന്നു. നമ്മുടെ പള്ളിമേടയിൽ ആകെ രണ്ടു പ്ലേറ്റുകളാണുള്ളത്. അടുത്ത സമയം പട്ടി കഴിച്ച പാത്രമായിരിക്കും എന്റെ മുമ്പിൽ വയ്ക്കുന്നത്! ആറുവർഷം ഞാൻ ഇതെല്ലാം സഹിക്കുകയായിരുന്നു. പട്ടിയുമായുള്ള പട്ടിയ്ക്കുള്ള ഈ പങ്കുവയ്ക്കൽ സാധാരണ ഉച്ചയ്ക്കും വൈകിട്ടുമായിരുന്നു സംഭവിച്ചിരുന്നത്. ഞാൻ ഒറ്റയ്ക്കായിരിക്കുമ്പോൾ പട്ടി വരുമായിരുന്നില്ല; ഞാൻ അതിന് ഒന്നും കൊടുക്കുമായിരുന്നില്ല; ഞാൻ കൊടുക്കുവാണെങ്കിൽതന്നെ, ഞാൻ മുറിയ്ക്കു വെളിയിൽ പട്ടിയെകൊണ്ടുവന്ന് അവിടെ എന്തെങ്കിലുമുള്ളത് വെളിയിൽ (പ്ലേറ്റിലല്ല) വച്ചു

കൊടുക്കുമായിരുന്നു. ചിലപ്പോൾ അദ്ദേഹത്തിന്റെ ത്യാഗത്തിന്റെയും സഹനത്തിന്റെയും ആത്മാവാൽ അദ്ദേഹം ഇതെല്ലാം ചെയ്യുന്നതായിരിക്കാം. പട്ടിയ്ക്കു പ്രായമായപ്പോൾ അതിന്റെ ദേഹം മുഴുവൻ വ്രണങ്ങളായിരുന്നു. എന്നിട്ടും ആ സ്ഥലത്ത് വച്ച് അതിന് ഭക്ഷണം നല്കിയിരുന്നു. അവസാനം ഞങ്ങളുടെ മേടയിൽവച്ചുതന്നെ അതിന് വിഷം കൊടുത്തു കൊല്ലേണ്ടിവന്നു, അതേക്കുറിച്ച് വല്യച്ചന് വലിയ സങ്കടമായിരുന്നു. ബെൽജിയത്തുനിന്നുള്ള യൂറോപ്യനാണെങ്കിലും, ഭക്ഷണത്തിന്റെ കാര്യത്തിൽ അദ്ദേഹം ഒരു കുറ്റവും പറഞ്ഞിരുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം ഭക്ഷണത്തിൽ ഒരു തലമുടി കണ്ടാൽ ഞാൻ അത് മാറ്റിവയ്ക്കും. പക്ഷെ അദ്ദേഹം ആ മുടി എടുത്തുമാറ്റി ബാക്കി എടുത്ത് കഴിയ്ക്കുമായിരുന്നു. പ്രാതലിന്റെ സമയം ചിലപ്പോൾ അടുത്തുള്ള ടീ–ഷോപ്പിൽ നിന്നും വാങ്ങിയ ദോശയോ അപ്പമോ ആയിരിക്കാം ഉണ്ടായിരിക്കുന്നത്. ഭക്ഷണത്തിന് ഇറച്ചിയും മുട്ടയും ഉണ്ടായിരിക്കുകയില്ല. അതിനു പകരം വറുത്ത മത്തിയായിരിക്കും ഉണ്ടായിരിക്കുക. അദ്ദേഹത്തിന് വിളമ്പുന്നതെന്തും അദ്ദേഹം കഴിക്കുമായിരുന്നു. പക്ഷെ, അദ്ദേഹം ഇടയ്ക്കിടെ ചുരുട്ടു വലിക്കുമായിരുന്നു; എനിക്കു തോന്നുന്നത് ഈ ശീലം അദ്ദേഹം ആരംഭിച്ചത് മലേറിയായിൽനിന്നും സുഖപ്പെട്ടതിനുശേഷമാണ്.

അദ്ദേഹം തന്റെ ബ്രൗൺ ഉടുപ്പ് കഴുകി അത് ഉണക്കിയെടുക്കുമായിരുന്നു; അദ്ദേഹം തന്നെയായിരുന്നു അത് ചെയ്തിരുന്നത്. ആറു വർഷം ഞാൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ മറ്റു വസ്ത്രങ്ങൾ നനച്ചതായി ഞാൻ കണ്ടിട്ടില്ല. അദ്ദേഹം കുളിക്കുന്നതും ഞാൻ കണ്ടിട്ടില്ല. അദ്ദേഹം തന്റെ താടി സോപ്പുവെള്ളം കൊണ്ട് കഴുകി അത് ഉണക്കുമായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നോ ഉടുപ്പിൽ നിന്നോ അല്പംപോലും ദുർഗന്ധമുണ്ടായിരുന്നില്ല. അദ്ദേഹം മരിക്കുമ്പോൾ അദ്ദേഹം ഉപയോഗിച്ചിരുന്ന ബനിയനും തൂവാലയും ഞാൻ എപ്പോഴും എന്നോടൊപ്പം സൂക്ഷിച്ചിരുന്നു.

അദ്ദേഹം ഒരു പുതിയ ചെരുപ്പ് വാങ്ങണമെങ്കിൽ പഴയ ജോഡിയിൽനിന്ന് കേടാകാത്ത ഒന്നും പുതിയ ജോഡിയുടെ ഒന്നും ഉപയോഗിക്കുമായിരുന്നു. എന്തെങ്കിലും കീറുകയോ, കേടാകുകയോ ചെയ്യുമ്പോൾ, അദ്ദേഹം അത് സ്വന്തമായി നന്നാക്കാൻ ശ്രമിക്കുമായിരുന്നു.

വെളിയിൽ പോകുമ്പോഴെല്ലാം വല്യച്ചൻ തന്റെ സന്യാസവസ്ത്രമായിരുന്നു ധരിച്ചിരുന്നത്. അദ്ദേഹം പള്ളിമേടയിലുള്ളപ്പോഴോ ആളുകളുമായി ഇടപെടുമ്പോഴോ അദ്ദേഹം അതെല്ലാം തന്റെ സന്യാസവസ്ത്രം ഇട്ടുകൊണ്ടായിരുന്നു. അദ്ദേഹത്തിന്റെ സന്യാസവസ്ത്രം കീറിയാൽ, അദ്ദേഹം പഴയ ഉടുപ്പിൽനിന്നും ഒരു കഷണമെടുത്ത് ബ്രൗൺ നൂലു വച്ച് തയ്ച്ചുവയ്ക്കമായിരുന്നു. എന്തെങ്കിലും എഴുതണമെങ്കിൽ, അദ്ദേഹം പുതിയ പേപ്പർ വാങ്ങുമായിരുന്നില്ല; പക്ഷെ, നേരത്തെ ഞാൻ പറഞ്ഞതുപോലെ, അദ്ദേഹത്തിനു വരുന്ന കത്തുകളിലുള്ള ഉപയഗിക്കാത്ത ഭാഗം ഉപയോഗിച്ചിരുന്നു. അദ്ദേഹത്തിന് റ്റൈപ്പ്റൈറ്ററിൽ റ്റൈപ്പ് ചെയ്യാനറിയാം. അദ്ദേഹം നന്ദൻകോടിൽ പോയിരുന്നപ്പോൾ അദ്ദേഹം തന്റെ പ്രഭാഷണങ്ങളെല്ലാം റ്റൈപ്പ് ചെയ്തെടുക്കുമായിരുന്നു. ചിലതൊക്കെ ഞാനും വായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മരണത്തിനുശേഷം അദ്ദേഹം ഉപയോഗിച്ചിരുന്ന ഒരുപാടു സാധനങ്ങൾ സ്മരകമാക്കാനായി എടുത്തുകൊണ്ടിരുന്നു. ഞാനും അപ്രകാരം ചില സാധനങ്ങൾ അവർക്കു കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില പുസ്തകങ്ങൾ വായി

ക്കാനായി കൊടുത്തിരുന്നു. പക്ഷെ അവർ അതൊന്നും തിരിച്ചുതന്നിട്ടില്ല. എനിക്ക് അതെല്ലാം സൂക്ഷിച്ചുവയ്ക്കണമെന്നുണ്ടായിരുന്നു; അദ്ദേഹം ഒരു വിശുദ്ധനാണന്നും, ഒരു ദിവസം അദ്ദേഹത്തെ അപ്രകാരം തന്നെ പ്രഖ്യാപിക്കുമെന്നും ഞാൻ വിചാരിച്ചിരുന്നു. അതെല്ലാം സൂക്ഷിക്കാൻ മുതിയാവിളയിൽ യാതൊരു സാദ്ധ്യതയുമില്ലായിരുന്നു; ഉദാഹരണത്തിന്, അദ്ദേഹത്തിന്റെ ചെരുപ്പുകൾ, അദ്ദേഹം തന്റെ മുഖം കഴുകുന്നതിനുള്ള ബേസിൻ, അദ്ദേഹത്തിന്റെ ഉടുപ്പ്, അദ്ദേഹം ഉപയോഗിച്ചിരുന്ന കസേര മുതലായവ. അവർ അവയെല്ലാം ഇപ്പോഴും സൂക്ഷിച്ചു വച്ചിട്ടുണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല. നമ്മുടെ കാലത്തെ വിവിധ വ്യക്തികൾക്ക് അദ്ദേഹം അയച്ച കത്തുകൾ ഞാൻ പലർക്കും കാണിച്ചുകൊടുത്തു. എന്നാൽ അതിൽ പ്രത്യേകിച്ചൊന്നുമില്ലെന്നു പറഞ്ഞ് അവർ അതെല്ലാം എനിക്കു തിരികെത്തന്നു. അദ്ദേഹത്തിന്റെ കാലത്ത് അദ്ദേഹത്തോടു മനുഷ്യർ കാണിച്ചിരുന്ന ബഹുമാനവും ആശ്ചര്യമൊന്നും അവർ പ്രകടിപ്പിച്ചില്ല. അതിശയിക്കാനില്ല, വിശുദ്ധന്മാർ മാത്രമേ വിശുദ്ധന്മാരെ തിരിച്ചറിയുകയുള്ളു. വിശുദ്ധരെ തിരിച്ചറിയണമെങ്കിൽ, അവർ ജീവിച്ച സാഹചര്യത്തിൽ അവരെ നാം അറിയണം. പക്ഷെ പുതിയ തലമുറയ്ക്ക് ദൈവികവും വിശുദ്ധവുമായ ജീവിതബോധം പതിയേ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് ഞാൻ കരുതുന്നു.

### ഒരു വിശുദ്ധനും സന്ന്യാസിയുമായ വൈദികൻ:

രാവിലെയുള്ള ദിനചര്യകൾക്കുശേഷം അദെയോദാത്തൂസച്ചൻ പള്ളിയിൽ പോയി കുറെ സമയം പ്രാർത്ഥനയിൽ ചിലവഴിക്കുമായിരുന്നു. ആളുകൾ പള്ളിയിലെത്താൻ തുടങ്ങുമ്പോൾ അദ്ദേഹം കുമ്പസാരക്കൂട്ടിൽ ചെന്നിരിക്കുകയും അദ്ദേഹം കുമ്പസാരിക്കാൻ വരുന്നവരുടെയെല്ലാം കുമ്പസാരം കേൾക്കുമായിരുന്നു. അതിനുശേഷം വിശുദ്ധ കുർബ്ബാനയ്ക്കായി അദ്ദേഗം എഴുന്നേല്ക്കും. സുവിശേഷം വായിച്ചതിനു ശേഷം ഒരു ചെറിയ പ്രഭാഷണം നടത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു; കുർബ്ബാനയ്ക്ക് സംബന്ധിക്കാൻ വരുന്നവരുടെ എണ്ണം കുറവാണെങ്കിലും അദ്ദേഹം മലയാളത്തിലായിരിക്കും പ്രസംഗിച്ചിരുന്നത്. അതിനായി അദ്ദേഹം അൾത്താരയിൽ നിന്നും ഇറങ്ങി വന്ന് താഴെയുള്ള പടിയിന്മേലിരുന്ന് പ്രസംഗിക്കുമായിരുന്നു. അന്നൊന്നും ലൗഡ്സ്പീക്കർ സംവിധാനമൊന്നുമില്ലായിരുന്നു. അദ്ദേഹം പ്രസംഗിക്കുന്നതിൽ ആളുകൾക്ക് മുഷിവ് തോന്നിയിരുന്നില്ല. അദ്ദേഹത്തിന് നല്ലൊരു സ്വരവുമുണ്ടായിരുന്നു. പരമാർശങ്ങൾ നടത്തി ആരെയും മുറിവേല്പിക്കാതിരിക്കാൻ അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം ദൈവസ്നേഹത്തെക്കുറിച്ചും മരണത്തെക്കുറിച്ചും സംസാരിക്കും. രാത്രിയിലും അദ്ദേഹം അരമണിക്കൂറോളം കുമ്പസാരക്കൂട്ടിൽ ഇരിക്കുമായിരുന്നു. ഇടയ്ക്കിടെ അദ്ദേഹം ലത്തീൻഭാഷയിൽ സ്തുതിഗീതങ്ങൾ മുഴക്കിയിരുന്നു. വല്യച്ചന് മറ്റ് ലൗകിക കാര്യങ്ങളിൽ യാതൊരു പരിഗണനയുമില്ല. അദ്ദേഹത്തിന്റെ ഭക്ഷണം, ഉടുപ്പ്, മുറി മുതലായവയെല്ലാം ദരിദ്രരുടേതായിരുന്നു. ആളുകൾ എന്തെങ്കിലും പ്രത്യേക ഭക്ഷണം അദ്ദേഹത്തിനു നല്കുകയാണെങ്കിൽ, അതിന്റെ ഒരു പങ്ക് അദ്ദേഹം എനിക്കുകൊണ്ടുത്തരുമായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണത്തിന്റെയും പ്രഭാഷണങ്ങളുടെയും പൊതുവായ ചിന്താവിഷയങ്ങൾ: ആത്മാക്കളുടെ രക്ഷ, ദൈവം സ്നേഹമാകുന്നു;

ദൈവത്തോടുള്ള നമ്മുടെ സ്നേഹം; ഒരിക്കലും പാപം ചെയ്യരുത്; പാവങ്ങൾക്കുള്ള സഹായം. അതെപ്രകാരം ചെയ്യണമെന്ന് അദ്ദേഹം എന്നെ പഠിപ്പിച്ചിരുന്നു. വീടുസന്ദർശനങ്ങൾക്കും കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും അദ്ദേഹത്തിനു വളരെ താൽപര്യമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവത്തിനും പരിശുദ്ധ കന്യകാമറിയത്തിനുമായി സമ്പൂർണ്ണസമർപ്പണം ചെയ്തിരുന്നു. ക്രിസ്തുവിന്റെ ജീവിതം തന്നിൽത്തന്നെ തിരിച്ചറിയാൻ ക്രിസ്തുവിന്റെ ജീവിതത്തെ തന്നിൽത്തന്നെ തിരിച്ചറിയാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടിയെടുക്കുവാൻ എന്തു ത്യാഗം സഹിക്കുന്നതിനും അദ്ദേഹം എല്ലായ്പോഴും സന്നദ്ധനായിരുന്നു.

ശ്രീ. സി.ജെ. ദേവസ്യായ്ക്ക് മൂന്ന് പെൺകുട്ടികളുണ്ടായിരുന്നു. ഒന്നിനു പിറകെ ഒന്നായി അവർ മൂന്നുപേരും മരിച്ചുപോയി. അവർ അവരുടെ അനർത്ഥങ്ങളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. അതിനു മറുപടിയായി വല്യച്ചൻ അവരോടു പറഞ്ഞു: "*ആ പെൺകുട്ടികൾ തുടർന്നു ജീവിച്ചിരുന്നെങ്കിൽ നിങ്ങളുടെ കുടുംബത്തിന് അപമാനമുണ്ടാകുവാൻ കാരണമായേനെ; ചിലപ്പോൾ, അതുകൊണ്ടായിരിക്കാം ദൈവം അവരെ തന്നിലേയ്ക്ക് തിരികെ വിളിച്ചത്. അതിനുപകരമായി നിങ്ങൾ മൂന്ന് പുത്രന്മാരെ നല്കാൻ അവിടുന്ന് ആഗ്രഹിക്കുന്നുണ്ടാകും. അതുകൊണ്ട് അതിനായി ദയവായി പ്രാർത്ഥിക്കൂ*". അദ്ദേഹത്തിന്റെ വാക്ക് അതേപടി സത്യമായിത്തീർന്നു; അവർക്ക് മൂന്ന് ആൺകുട്ടികൾ ജനിച്ചു; അവരെല്ലാവരും വളരെ ആരോഗ്യവാന്മാരായി ഇന്നും ജീവിച്ചിരിക്കുന്നുണ്ട്.

മറ്റൊരു സന്ദർഭത്തിൽ, ആ പ്രദേശത്ത് അതിശക്തമായ കൊടുങ്കാറ്റുണ്ടായതെങ്ങനെയെന്ന് ആളുകൾ വിവരിക്കുന്നു. അവർ വല്യച്ചനോട് പരാതിപ്പെട്ടു. അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു: പേടിക്കേണ്ടതില്ല; ദൈവം നിങ്ങൾക്ക് ഒരു ദോഷവും ചെയ്യില്ല. പെട്ടെന്ന് കൊടുങ്കാറ്റ് നിലച്ചു. ആ സംഭവത്തിനുശേഷം ആ പ്രദേശത്ത് മലേറിയ ബാധിച്ച് ഒരു മരണവും ഉണ്ടായിട്ടില്ല.

## പാവപ്പെട്ടവരോടുകൂടെ:

അദെയോദാത്തൂസച്ചന് പാവങ്ങളോട് പ്രത്യേക സ്നേഹമുണ്ടായിരുന്നു. ബാലരാമപുരം പട്ടണത്തിൽനിന്നും വസ്ത്രങ്ങൾ വാങ്ങിക്കാൻ രാജൻ പണിക്കരെ അദ്ദേഹം അയച്ചിരുന്നു. അദ്ദേഹം ആ വസ്ത്രങ്ങളെല്ലാം അദ്ദേഹത്തിന്റെ തന്നെ മുറിയിൽ സൂക്ഷിക്കുമായിരുന്നു; വസ്ത്രത്തിന് കുറവുള്ള സ്ത്രീകൾ എന്തെങ്കിലും യാചിക്കാൻ വരുമ്പോൾ അത് പൊതിഞ്ഞ് അവരുടെ മടിക്കുത്തിൽ വച്ചുകൊടുത്തിട്ട് അവരോടു പറയുമായിരുന്നു: "*ഇത് ആരെയും കാണിക്കണ്ട*". പിന്നീട് അദ്ദേഹം എന്നോടു പറയും: "*നീ, ഇതേ സ്വാതന്ത്ര്യത്തോടെ ഇതുപോലെ ചെയ്യരുത്; ഞാനാണെങ്കിൽ ഒരു പ്രായമുള്ള മനുഷ്യനും വിദേശിയനുമാണ്. നീ എന്നെപ്പോലെ ചെയ്താൽ ആളുകൾ നിന്നെ തെറ്റിദ്ധരിച്ചേക്കാം*". പാവപ്പെട്ട കുട്ടികൾക്ക് അദ്ദേഹം നോട്ടുബുക്കുകളും, പെൻസിലുകളും വാങ്ങിവച്ചിരിക്കുമായിരുന്നു. ഇടയ്ക്കിടെ സ്ക്കൂൾ ഫീസിനാവശ്യമായ പണം നല്കാറുണ്ടായിരുന്നു. പാവപ്പെട്ടരുടെ വീടു

കൾ ഓലമേയാനുള്ള കാശ് അദ്ദേഹം കൊടുക്കുമായിരുന്നു. എല്ലാവർഷവും ഇരുപതോളം വീടുകൾക്ക് ഓടു പാകാൻ സഹായിക്കുമെന്ന് അദ്ദേഹം അവരോടു പറയുമായിരുന്നു. പക്ഷെ അത് ഒരു വ്യവസ്ഥയിന്മേലായിരുന്നു: ഓടു പാകാൻ വേണ്ടി ചെലവഴിച്ച പണം അവർ അഞ്ചു വർഷംകൊണ്ട് അച്ചനെ തിരിച്ചേല്പിക്കണം. ആ പണം കൊണ്ട് അദ്ദേഹത്തിന് അടുത്ത ഇരുപതു വീടുകൾക്ക് ഓടു പാകാൻ സാധിക്കുമായിരുന്നു. അതുകൊണ്ട് സാവാധാനം എല്ലാ വീടുകൾക്കും ഓടു പോകാൻ കഴിഞ്ഞു. പക്ഷെ ആളുകൾ കാശ് തിരിച്ചുകൊടുക്കുന്നതിൽ വിശ്വസ്തരല്ലായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ വീടുകളും ഓടു പാകണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം നിർവ്വഹിക്കാനായില്ല. അദ്ദേഹത്തിന്റെ സഹോദരങ്ങളുടെയും മറ്റുചില അഭ്യുദയകാംക്ഷികളുടെയും നിന്നും ലഭിക്കുന്നതല്ലാതെ അദ്ദേഹത്തിന്റെ വരവിന് മറ്റൊരു സ്രോതസ്സുമില്ലായിരുന്നു. അദ്ദേഹം പാവപ്പെട്ടവരെ സഹായിക്കുന്നത് ആ കാശുകൊണ്ടാണെന്ന് അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. പഠിക്കാൻ ആഗ്രഹമുള്ള ആൺകുട്ടികളെ പഠിപ്പിക്കുവാൻ അദ്ദേഹം സഹായിച്ചിട്ടുണ്ട്. പണം ആ കുട്ടിയ്ക്കു കൊടുക്കുമ്പോൾ അവനോടു പറയുമായിരുന്നു: "*എന്റെ മകനേ, ഇത് സൂക്ഷിച്ച് ഉപയോഗിക്കണം*". മുതിയാവിള ഇടവകയിൽനിന്നും അടുത്തുള്ള ഇടവകകളിൽ നിന്നും ആളുകൾ അദ്ദേഹത്തോട് സഹായം ചോദിച്ചുകൊണ്ടു വരുമായിരുന്നു. സംസാരിച്ച് അധികസമയം കളയുന്ന പ്രകൃതക്കാരനല്ലായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അടുക്കൽ വൈദികരും കുമ്പസാരിക്കാൻ വരുമായിരുന്നു. അവരോടും കൂടുതൽ സംസാരത്തിന് അദ്ദേഹം വൈമനസ്യമുള്ള ആളായിരുന്നു.

അദ്ദേഹം വെളിയിൽ പോകുമ്പോൾ കുറച്ചു തുട്ടുകൾ പോക്കറ്റിൽ കരുതുമായിരുന്നു. പാവപ്പെട്ടവർ അദ്ദേഹത്തോട് സഹായത്തിന് യാചിക്കുമ്പോൾ അദ്ദേഹം അത് ഉപയോഗിച്ചിരുന്നു. കുട്ടികൾക്ക് അദ്ദേഹം ചില മിഠായികൾ കൊടുക്കുമായിരുന്നു. അതുകൊണ്ട് എല്ലാവരും അദ്ദേഹത്തെ സ്നേഹിച്ചു. സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള ആഭരണങ്ങൾക്കു ഗാരന്റിയായി വച്ച് അതിനു പകരമായി അദ്ദേഹം ചെറിയ പലിശയ്ക്ക് മറ്റുള്ളവർക്ക് കടം കൊടുത്തിരുന്നു. അത് വീണ്ടും പണം ഉണ്ടാക്കാൻ വേണ്ടിയല്ലായിരുന്നു. അത് നഷ്ടം വരുത്തിയാൽ പലിശകൊണ്ട് പരിഹരിക്കാൻ കഴിയുമെന്നും, എന്തെങ്കിലും ലാഭമുണ്ടെങ്കിൽ അത് പാവപ്പെട്ടവരെ സഹായിക്കാൻ ഉപയോഗിക്കുമെന്നും അദ്ദേഹം എന്നോടു പറയാറുണ്ടായിരുന്നു. അപൂർവ്വമായി ആഭരണങ്ങൾ സ്വർണ്ണം പൂശിയവയായിരുന്നു. അദ്ദേഹം അതെല്ലാം സുരക്ഷയ്ക്കായി നന്ദൻകോട് കൊണ്ടു വച്ചിരുന്നു. തിരിച്ചെടുക്കുമ്പോൾ അവിടെനിന്ന് ആ ഗാരന്റി എടുക്കാൻ ഉപയോഗിച്ചു.... അദ്ദേഹത്തിന് തിമിരം ബാധിച്ചതിനാൽ, ആ ബിസിനസ്സ് മന്ദഗതിയിലാക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. വാഗ്ദാനങ്ങൾ തിരികെ നല്കാൻ കഴിയുന്നിടത്തോളം തിരികെ നല്കാൻ അദ്ദേഹം ശ്രമിച്ചു. ബാക്കിയുള്ളത് അദ്ദേഹം ഉണ്ടൻകോടുള്ള മിഷനറി ഇടവകവികാരി ഫാ. ജോൺ ബാപ്റ്റിസ്റ്റിനെ ഏല്പിച്ചിരുന്നു. അത് പിന്നീട് ആവശ്യപ്പെടാതിരുന്നതിനാൽ ആ പണയം പിന്നീട് വിറ്റു കിട്ടിയ പണം പള്ളിയുടെ പിന്നിൽ ഒരു ബലിപീഠം പണിയുന്നതിനും, പള്ളിയുടെ അറ്റകുറ്റപ്പണികൾക്കുമായി ബാപ്റ്റിസ്റ്റച്ചൻ ആ പണം തിരികെ നല്കു

കയും ചെയ്തു. അദെയോദാത്തൂസച്ചനിൽനിന്ന് പണം കടം വാങ്ങിയവർ മുതിയാവിള ഇടവകയിലും അതിലെ സ്റ്റേഷൻ പള്ളികളിലും ഉള്ളവരാണ്. പലരും പണം തിരികെ നല്കി; അല്ലാത്ത വേറെ ചിലരും ഉണ്ടായിരുന്നു.

ആറു വർഷങ്ങൾ അദെയോദാത്തൂസച്ചനോടൊപ്പം ഞാനുണ്ടായിരുന്നു. അദ്ദേഹത്തിൽ ഞാൻ ഒരിക്കലും ഒരു വൈകല്യമോ അപൂർണ്ണതയോ കാണാൻ സാധിച്ചില്ല. പക്ഷെ അനേകർ അദ്ദേഹത്തിന്റെ ലാളിത്യം മുതലെടുത്ത് അദ്ദേഹത്തെ ചതിക്കുന്നത് ഞാൻ പല തവണ ശ്രദ്ധിച്ചിട്ടുണ്ട്.

ഫാ. അദെയോദാത്തൂസിന് ചില സാമൂഹ്യസേവനം ചെയ്യാൻ വളരെ ഇഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ കീഴിലുള്ളവർ പലരും മുള വെട്ടാനും കുട്ടയും മറ്റും ഉണ്ടാക്കാനും വനങ്ങളിൽ പോയി നിത്യോപയോഗം നേടിയവരായിരുന്നു. അവരെ സഹായിക്കാൻ അദ്ദേഹം ഒരു പ്രോജക്റ്റുപോലും ഉണ്ടാക്കിയിരുന്നു. അത് അവർക്ക് വലിയ സഹായകമായിരുന്നു.

## രോഗികളോടുകൂടെ:

അദെയോദാത്തൂസച്ചന്റെ അടുക്കലെത്തുന്ന രോഗികൾക്ക് അദ്ദേഹം സാധാരണ മരുന്നുകൾ നല്കിയിരുന്നു. അതിൽ ഒരു മരുന്ന് "*എംബോഡിൻ*" വയറിന്റെ അസുഖത്തിനായി വെള്ളത്തിൽ കലക്കി കുടിക്കുന്നത് വളരെ നല്ലതാണ്. മരുന്നു കൊടുക്കുന്നതിനുമുമ്പ് അദ്ദേഹം അത് ആശീർവ്വദിച്ചിരുന്നു. മുറിവുകളിൽ മരുന്ന് വച്ചു കൊടുക്കുന്നതിനുമുമ്പ് അദ്ദേഹം തന്നെ മുറിവുകൾ കഴുകി വൃത്തിയാക്കിയിരുന്നു. ചിലപ്പോൾ ക്യാൻസർ രോഗികൾപോലും അദ്ദേഹത്തിന്റെ അടുക്കൽ വന്നിരുന്നു. സ്തനാർബുദ്ദത്താൽ കഷ്ടപ്പെട്ടിരുന്ന സ്ത്രീകളുടെ മുറിവുകൾപോലും കഴുകി വൃത്തിയാക്കി മരുന്ന് വച്ചുകൊടുത്തിരുന്നു അദ്ദേഹം. വളരെപ്പേർക്ക് സൗഖ്യമുണ്ടായി എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. കുട്ടികളില്ലാത്ത സ്ത്രീകൾ അദ്ദേഹത്തിന്റെ അടുക്കൽ വരുമ്പോൾ അദ്ദേഹം അവരുടെമേൽ പ്രാർത്ഥിച്ചശേഷം "*ഡുക്കെയിൻ*" മരുന്ന് നല്കുമായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്, കുട്ടികളില്ലാതിരുന്ന ബെൽജിയം രാജ്ഞിയ്ക്ക് "*ഡുക്കെയിൻ*" മരുന്ന് നല്കുകയും അതിനുശേഷം അവർക്ക് ഒരു കുഞ്ഞു ജനിച്ചു. ഞാൻ കേട്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെയും മരുന്നിന്റെയും ഫലമായി ഉത്തരേന്ത്യയിലും ശ്രീലങ്ക പോലുള്ള മറ്റു രാജ്യങ്ങളിലും അത്തരം കാര്യങ്ങൾ സംഭവിച്ചു എന്ന് ഞാൻ കേട്ടിട്ടുണ്ട്. പാവപ്പെട്ട രോഗികളാണെങ്കിൽ, അദ്ദേഹം അവർക്ക് സാമ്പത്തിക സഹായം നല്കിയിരുന്നു. അദ്ദേഹം പള്ളിമേടയുടെ വരാന്തയിലിരുന്ന്, കാലുകൾ നീട്ടി രോഗിയെ ശുശ്രൂഷിക്കുമായിരുന്നു. അപ്പോൾ അവരെ ധാരാളം ആളുകൾ തടിച്ചുകൂടുമായിരുന്നു. ഞാൻ നേരത്തെതന്നെ കൊളവുപാറയിലെ ഒരു കുഷ്ഠരോഗിയുടെ കാര്യം പ്രതിപാദിച്ചിട്ടുണ്ട്.

അമ്പൂരിയിലും മായത്തും പോയിരുന്നപ്പോൾ അദ്ദേഹത്തിനും മലേറിയ പിടിച്ചിരുന്നു. അദ്ദേഹത്തിന് പനി ബാധിക്കുകയും വിറയ്ക്കുകയും ചെയ്യുകയായിരുന്നു. അതിനുള്ള അദ്ദേഹത്തിന്റെ പ്രതിവിധി ബേസിനിൽ ചൂടുവെള്ളത്തിൽ കാൽ വയ്ക്കുന്നതാണ്.

അദ്ദേഹം ഒരിക്കലും ജാതിമതഭേദം കാണിച്ചിരുന്നില്ല. മുതിയാവിളയിൽവച്ച് ഒരിക്കൽ രണ്ടു വിവിധ ജാതികളിൽപ്പെട്ടവർ തമ്മിൽ വഴക്കുണ്ടായി. നാടാർ സമൂഹത്തിൽപ്പെട്ടവന് താഴ്ന്ന ജാതികളിൽപ്പെട്ടയാൾ പള്ളിയിൽ കയറുന്നത് ഇഷ്ടപ്പെട്ടില്ല. അവർക്കിടയിൽ ഒരു തുറന്ന വഴക്കായി. വല്യച്ചൻ വന്ന് ഒരാളോടു പറഞ്ഞു: "*അപ്പോൾ നിങ്ങൾ നാടാർ ജാതിയിൽ പെട്ടവരാണ്*". മറുവശത്തുള്ളവൻ ഹരിജൻ ആളുകളും. "*അപ്പോൾ ഞാൻ ഏതു ഗ്രൂപ്പിൽ പെടും? ഞാനൊരു യൂറോപ്യനാണ്. അതുകൊണ്ട് ഞാൻ നിങ്ങൾക്കായി എങ്ങനെ വിശുദ്ധ കുർബ്ബാന അർപ്പിക്കും? നിങ്ങൾ രണ്ടുപേരും പള്ളിയ്ക്കകത്തു കയറിയില്ലെങ്കിൽ നിങ്ങൾക്കായി ഞാൻ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയില്ല*". അങ്ങനെ അവരുടെയിടയിൽ അദ്ദേഹം സമാധാനപരമായ ഒരു ഒത്തുതീർപ്പിലെത്തിച്ചു; വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാവുന്ന ഒന്നായിരുന്നു അത്.

## അദെയോദാത്തൂസച്ചന്റെ മരണവും മരണാനന്തരശുശ്രൂഷയും:

അദ്ദേഹം മരിച്ച ദിവസം (അതായത് ഒക്ടോബർ 20, 1968, മിസ് സെറാഫി, മഠത്തിലെ മദർ സുപ്പീരിയറിന്റെ ഉളയസഹോദരിയുടെ മകൾ രണ്ടു കപ്പ് ചായയുമായി വന്നു, ഒന്ന് വല്യച്ചനും, മറ്റേത് എനിക്കും) വല്യച്ചൻ ആ മകളെ (അവൾക്ക് 6 വയസ്സായിരുന്നു പ്രായം) എടുത്തിട്ടു അവളോടു പറഞ്ഞു: "*സെറാഫ്, നീ ഒരു മാലാഖയാണ്*". പെട്ടെന്നു തന്നെ അദ്ദേഹം തന്റെ സഞ്ചിയെടുത്ത് തോളിലിട്ട് ചൂണ്ടുപലക ജംഗ്ഷനിലേയ്ക്കു പോയി. സാധരണ ഞങ്ങൾ രാവിലെ 5.30നാണ് എഴുന്നേല്ക്കുന്നത്. രാവിലെയുള്ള പ്രാഥമിക കാര്യങ്ങൾക്കുശേഷമാണ് വല്യച്ചൻ വിവിധ സ്റ്റേഷനുകളിലേയ്ക്കു പോകുന്നത്. അന്നേ ദിവസം, ആദ്യത്തെ വിശുദ്ധ കുർബ്ബാന ചെട്ടിക്കുന്നിലായിരുന്നു. അതിനുശേഷം അദ്ദേഹം മുകുന്ദറയിലുമായിരുന്നു പോകേണ്ടിയിരുന്നത്; വൈകിട്ടോടെ കൊളവുപാറയിലേയ്ക്കും. അദ്ദേഹം കള്ളിക്കാടാണ് പോകുന്നതെങ്കിൽ അന്നേ ദിവസം മുകുന്ദറയിലേയ്ക്കു പോകുമായിരുന്നില്ല; അദ്ദേഹത്തിനു പകരം ഞാനായിരിക്കും പോകുന്നത്. ആ ദിവസം അദ്ദേഹം ചൂണ്ടുപലകയിലെത്തിയപ്പോൾ തന്നെ വയ്യാതെയായി. അവിടെ ഒരു കടയുടെ ഭിത്തിയും ചാരി നില്ക്കുകയായിരുന്നു. ആ സമയത്താണ് ശ്രീ. നിക്കളോസിന്റെ മകനായ ശ്രീ. ഫ്രാൻസിസ് ആ വഴി ബൈക്കിൽ വന്നത്. വല്യച്ചൻ അദ്ദേഹത്തിന്റെ കയ്യിൽ തന്റെ സഞ്ചി പള്ളിമേടയിലേയ്ക്കു കൊടുത്തുവിട്ടു. അദ്ദേഹം വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. വലിയ വിയർപ്പുതുള്ളികൾ ഇറ്റിറ്റു വീണുകൊണ്ടേയിരുന്നു. അദ്ദേഹം "*ഞാൻ നിന്റെ പിറകെ വന്നേക്കാം; അവിടെ എനിക്ക് അല്പം വിശ്രമിക്കാമല്ലോ*" എന്നും കൂടി പറഞ്ഞു. എന്നാൽ, ശ്രീ. ഫ്രാൻസിസിന്റെ നിർബ്ബന്ധപ്രകാരം അച്ചൻ നെയ്യാർഡാമിലേയ്ക്കു പോകുന്ന ബസ്സിൽ കയറി. മുതിയാവിളയിലെത്തിയപ്പോൾ അവിടെയിറങ്ങി പള്ളിക്കു മുമ്പിലുള്ള പടികൾ കയറി മുകളിലെത്തി. ശ്രീ. ഫ്രാൻസിസ് എന്നോട് എല്ലാം പറഞ്ഞു. കേട്ടപാടെ ഞാൻ ധൃതിയിൽ പള്ളിയുടെ മുമ്പിലെത്തി. വലതുകാൽ പള്ളിമുറ്റത്തും ഇടതുകാൽ താഴത്തെ പടിയിലും വച്ച്, അച്ചൻ എന്നോടു പറഞ്ഞു: "*എനിക്കു വയ്യ; എനിക്കല്പം വിശ്രമിക്കണം*". ഞാൻ അദ്ദേഹത്തെ പള്ളിമേടയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി.

ആറു വർഷം ഞാൻ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നിട്ടുകൂടി അദ്ദേഹം കട്ടിലിൽ കിടക്കുന്നത് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. സാധാരണ അദ്ദേഹം വിശ്രമിക്കുകയും രാത്രിയിൽ ഉറങ്ങുകയും ചെയ്തിരുന്നത് അദ്ദേഹത്തിന്റെ ചാരുകസേരയിലായിരുന്നു (ഞാൻ ആ കസേര ഇപ്പോഴും എന്നോടൊപ്പം കരുതിയിട്ടുണ്ട്). അദ്ദേഹം ഒരു തലയിണ കസേരയിൽവച്ച് അതിൽ കാലും വച്ച് ചാരുകസേരയിൽ കിടക്കുമായിരുന്നു. ആ ദിവസവും അദ്ദേഹം ഊട്ടുമുറിയിലേയ്ക്കു ചെന്ന് അവിടെ കിടന്ന അതേ ചാരുകസേരയിൽ കിടന്നു. അദ്ദേഹം സഹിക്കുന്നതു കണ്ട ഞാൻ ഉടനെ അദ്ദേഹത്തെ എന്റെ മുറിയിലെ കട്ടിലിൽ കൊണ്ടുപോയി കിടത്തി, ഒരു തലയിണ തലയ്ക്കലും വേറൊന്ന് കാല്ക്കലും വച്ചു. പെട്ടെന്ന് ഞാൻ ശാന്തി ക്ലിനിക്കിലെ ഡോ. തങ്കപ്പൻ നായർക്ക് ആളയച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തിന് പ്രയാസം തോന്നിയ ഡോക്ടർ അദ്ദേഹത്തിന്റെ കയ്യിൽ ഒരു മരുന്ന് കുത്തിവച്ച് അദ്ദേഹത്തെ ശാന്തനാക്കി. അതിനുശേഷം അച്ചൻ തന്റെ നെഞ്ചിൽ ഇരുകൈകളും മൃദുവായി കൊണ്ടിടിച്ച് “*Deo Gratias*” (നന്ദി ദൈവമേ) എന്നു പറഞ്ഞുകൊണ്ടേയിരുന്നു. പുഞ്ചിരിയോടെ അദ്ദേഹം വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ പോകാൻ അദ്ദേഹം എന്നോട് ആവശ്യപ്പെട്ടു. മുതിയാവിളയിലെ കന്യാസ്ത്രീകൾ അദ്ദേഹത്തെ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. എനിക്കു തോന്നുന്നു രാവിലെ ഏട്ടു മണിയായിക്കാണും. കന്യാസ്ത്രികൾ സങ്കീർത്തിയിലേയ്ക്ക് ഓടിവന്നിട്ട് എന്നോടു പറഞ്ഞു, “*അച്ചന്റെ അവസ്ഥ ഗുരുതരമായി*” എന്ന്. ഞാൻ വേഗം തിരുവസ്ത്രങ്ങൾ അഴിച്ചുമാറ്റി മേടയിലേയ്ക്ക് ഓടിച്ചെന്നു. അദ്ദേഹം ബോധമില്ലാതെ കിടക്കുകയായിരുന്നു. ഞാൻ അവിടെയുണ്ടായിരുന്ന വിശുദ്ധ തൈലമെടുത്ത് അദ്ദേഹത്തെ പൂശി; ഉടനെ അദ്ദേഹം മരിക്കുകയും ചെയ്തു.

വിവിധ മതങ്ങളിൽപ്പെട്ടവരെക്കൊണ്ട് പള്ളിമുറ്റം നിറഞ്ഞു. ഞാൻ പൂർണ്ണമായും ക്ഷീണിച്ചു; സംഭ്രമിച്ചുപോയി. പെട്ടെന്ന് ഇടവകാംഗങ്ങൾ തിരുവനന്തപുരത്തുള്ള ബിഷപ്പ് ഹൗസിലേയ്ക്കും അടുത്തുള്ള ഇടവകകളിലേയ്ക്കും കാറുകളിൽ പാഞ്ഞു.

എല്ലാവരും ആകെ ഒരു സംഭ്രമത്തിലായിപ്പോയി, എന്തുചെയ്യണമെന്നറിയാതെ. അവർ തിരുവനന്തപുരത്തെ അരിസ്റ്റോ ജംഗ്ഷനിൽനിന്നും ഫോട്ടോഗ്രാഫറുമാരെ കൊണ്ടുവന്നു. അവർ ബിഷപ്പിനോട് അവരുടെ വല്യച്ചനെ മുതിയാവിളപ്പള്ളിയിൽ അടക്കാനുള്ള അനുവാദം ചോദിച്ചു. ബിഷപ്പ് അവരോടു പറഞ്ഞു: “*അതു സാദ്ധ്യമല്ല കാരണം ഫാ. അദെയോദാത്തൂസ് മുതിയാവിളയ്ക്കു മാത്രമുള്ള ഒരാളല്ല; അതു പക്ഷെ, തിരുസഭ മുഴുവനും വേണ്ടിക്കൂടിയാണ്; അതുകൊണ്ട് നിങ്ങൾ ഇതിനോട് സഹകരിക്കണം*”. അതുകൊണ്ട് ആളുകൾ അതിന് അംഗീകരിച്ചു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം തിരുവനന്തപുരത്തെ പാങ്ങോട് കർമ്മെലീത്താ ആശ്രമത്തിലെ കല്ലറയിൽ അടക്കാൻ തീരുമാനമായി. രാത്രി മുഴുവൻ അദ്ദേഹത്തിന്റെ ഭൗതികശരീരം മുതിയാവിളപ്പള്ളിയിൽ വയ്ക്കാൻ ബിഷപ്പ് സമ്മതം മൂളി. രാവും പകലും പള്ളിയിലേയ്ക്ക് ആളുകൾ ഇരച്ചുവന്നുകൊണ്ടേയിരുന്നു. വൈദികരും സിസ്റ്റേഴ്സുമാരും തങ്ങളുടെ പ്രിയ പിതാവിന്റെ ധന്യമായ മുഖം കാണാൻ കണ്ണീരോടെ വന്നിരുന്നു. 21-ാം തിയതി രാവിലെ എട്ടു മണിക്ക് തിരുവനന്തപുരത്തേയ്ക്ക് അദ്ദേഹത്തിന്റെ ഭൗതികശരീരം

കൊണ്ടുപോയത് വളരെയേറെ മോട്ടോർ വാഹനങ്ങളുടെ അകമ്പടിയോടെയായിരുന്നു. ആംബുലൻസിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം കൊണ്ടുപോയ വഴിയിലിരുവശത്തും ആളുകൾ ആദരാഞ്ജലികളർപ്പിക്കാൻ നില്പുണ്ടായിരുന്നു. വിലാപയാത്ര കാർമ്മെലീത്താ ആശ്രമത്തിലെത്തിയപ്പോൾ മരണമണി മുഴങ്ങി. പള്ളിമുറ്റം ജനസമുദ്രമായിരുന്നു. പിന്നീട് വിശുദ്ധ കുർബ്ബാനയർപ്പിക്കുകയായിരുന്നു. മോൺ. പീറ്റർ ബെർണാർഡ് പെരേരാ ആയിരുന്നു മുഖ്യകാർമ്മികൻ. കൊല്ലം ബിഷപ്പ് മോൺ. ജെറോം ഫെർണാണ്ടസ് ആയിരുന്നു സഹകാർമ്മികരിലൊരാൾ. ഞാനും മറ്റു വൈദികരും സഹകാർമ്മികരായിരുന്നു. ബിഷപ്പ് ഹൗസിൽനിന്നും ഫാ. ക്ലീറ്റസ് ശവപ്പെട്ടി കൊണ്ടുവന്നു. അതിലായിരുന്നു ഭൗതികശരീരം കിടത്തിയിരുന്നത്. ഭൗതികശരീരത്തിലണിയാനുള്ള സന്യാസവസ്ത്രം കൊണ്ടുവന്നത് നന്ദൻകോടു നിന്നായിരുന്നു. വിശുദ്ധ കുർബ്ബാനയ്ക്കും അതിനുശേഷമുള്ള ഒപ്പീസിനും ശേഷം അദ്ദേഹത്തിന്റെ ഭൗതികശരീരം പള്ളിയിലെ അൾത്താരയ്ക്കു താഴെയുള്ള കല്ലറയിൽ സംസ്ക്കരിച്ചു.

വല്യച്ചന്റെ മരണശേഷം മോൺ. പീറ്റർ ബെർണാർഡ് പെരേരാ എന്നെ അദ്ദേഹത്തിന്റെ പിൻഗാമിയും ഇടവകവികാരിയുമായി നിയമിച്ചു. ഈ തിരഞ്ഞെടുപ്പിന്റെ കാരണവും അദ്ദേഹം എന്നെ ബോധിപ്പിച്ചു. "*ഒരു സായിപ്പച്ചന്റെ (അതായത്, ഒരു വിദേശീയ മിഷനറിയുടെ) പിൻഗാമിയായി തദ്ദേശീയ വൈദികൻ വന്നാൽ, ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാകും. പക്ഷെ അച്ചൻ വല്യച്ചന്റെ കൂടെ ഇത്രയും നാൾ താമസിച്ചതിനാൽ അച്ചൻ തന്നെ അവിടെ തുടരുകയാണെങ്കിൽ, അച്ചന് ഇടവകയും അതിന്റെ സ്റ്റേഷനുകളും അറിയാവുന്നതുകൊണ്ട് വലിയ വിഷമമുണ്ടാകുകയില്ല*". മോൺ. പീറ്റർ ബെർണാർഡ് പെരേരാ മരിക്കുന്നതുവരെ 11 വർഷത്തിലേറെ ഞാൻ അവിടെ തുടർന്ന് ജോലിനോക്കി. മോൺ. അച്ചാരുപറമ്പിൽ ബിഷപ്പായതിനുശേഷമാണ് എനിക്ക് ഒരു ട്രാൻസ്ഫർ ലഭിച്ചത്.

**ഉപസംഹാരം:**

ഒരു പിതാവിനെക്കുറിച്ച് ഒരു മകൻ എഴുതുന്നതുപോലെയോ, ഒരു ഗുരുവിനെക്കുറിച്ച് ഒരു ശിഷ്യൻ എഴുതുന്നതുപോലെയോ അത്രയ്ക്ക് അതിശയോക്തിയില്ലാതെ എനിക്ക് ഓർമ്മയിൽ വരുന്നതാണ് ഞാനിവിടെ എഴുതുന്നത്. എന്റെ ഓർമ്മയിൽ കൂടുതൽ കൂടുതൽ കാര്യങ്ങൾ വന്നുകൊണ്ടേയിരുന്നു....പക്ഷെ എന്റെ ഓർമ്മയിൽ വന്നതുമാത്രമാണ് ഞാനിപ്പോൾ എഴുതിയത്.

ഞാൻ വൈദികനായിട്ട് 47 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. പക്ഷെ വല്യച്ചനെപ്പോലെ ഒരു വൈദികനെയും ഞാൻ ഒരിക്കലും കണ്ടിട്ടില്ല. വല്യച്ചന്റെ കൂടെ ആറു വർഷം ജീവിക്കാൻ കഴിഞ്ഞത് എന്റെ വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. വല്യച്ചന്റെ ജീവിതാനുഭവങ്ങൾ ലഭിക്കാനും അപ്രകാരം അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതം രുചിക്കാനും വളരെയേറെ സന്ദർഭങ്ങളുണ്ടായിരുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ എനിക്ക് സെമിനാരി ജീവിതത്തിൽനിന്നും ലഭിച്ചതിനേക്കാൾ ഏറെ കാര്യങ്ങൾ അദ്ദേഹത്തിൽനിന്നും എന്റെ ജീവിതത്തിലേയ്ക്ക് ലഭിക്കുമായിരുന്നു, പ്രത്യേ

കിച്ച്, എന്റെ ജീവിതത്തിന്റെ ദർശനവുമായി ബന്ധപ്പെട്ട്, എന്റെ ജീവിതത്തിൽ ഞാൻ നേരിട്ട ജീവിതാനുഭവങ്ങളെയും പ്രയാസങ്ങളെയും കൂടുതൽ ശരിയായി അഭിമുഖീകരിക്കാമായിരുന്നു. ഞാൻ അദ്ദേഹത്തോടൊപ്പം ജീവിച്ചിരുന്നതിനാൽ, അദ്ദേഹത്തിന്റെ ബാഹ്യവും ആന്തരികവുമായ ജീവിതത്തെക്കുറിച്ച് എനിക്കു കൂടുതൽ നന്നായി കാണാൻ സാധിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതമാതൃക സംഭാവന ചെയ്യുകയും എന്റെ വൈദിക മിഷനറി ജീവിതത്തിലേയ്ക്ക് ശക്തിയും ഊർജ്ജവും നല്കുന്നതിൽ സംഭാവന ചെയ്യുന്നത് തുടർന്നുപോകുന്നു.

നിങ്ങൾ അദ്ദേഹം മറ്റുള്ളവർക്ക് എഴുതിയ കത്തുകളിലൂടെ കടന്നുപോകുമ്പോൾ നിങ്ങൾക്കു മനസ്സിലാകും, അദ്ദേഹം ജീവിച്ചത് എത്ര വലിയ മിഷനറി അരൂപിയോടുകൂടിയും ആത്മീയ ജീവതത്തിലും ആണ് എന്ന്. മിസ്സ്. ലില്ലിയ്ക്ക് എഴുതിയ അദ്ദേഹത്തിന്റെ കത്തിൽ അദ്ദേഹം എഴുതി: "*മഹായുദ്ധത്തിലൂടെ കടന്നുപോയ ഒരു പട്ടാളക്കാരനാണ് ഞാൻ, അമ്പതു വർഷങ്ങൾക്കു മുമ്പ്, അതായത്, 1915-ൽ ഞാൻ യുദ്ധഭൂമിയിലുണ്ടായിരുന്നു. അതുകൊണ്ട് ഇപ്പോൾ ഞാൻ അതിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണ്*".

22.10.1965-ൽ മിസ്സ് ലില്ലിയ്ക്ക് അദ്ദേഹം ഒരു കത്തിൽ എഴുതി: "*അടുത്ത തിങ്കളാഴ്ച ഞാൻ തിരുവനന്തപുരത്തെ മദർതെരേസായുടെ കന്യാസ്ത്രികൾക്കുവേണ്ടി ഒരു ധ്യാനം നടത്തുവാൻ പോകുകയാണ്. 32 പ്രസംഗങ്ങൾ. മദർ തെരേസായും ഉണ്ടായിരിക്കും. ദിവസേന നാലു പ്രസംഗങ്ങൾ 8 ദിവസങ്ങളിലേയ്ക്ക്*". അവൾ അതിനായി പ്രാർത്ഥിക്കണമെന്നു പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ കത്തു മടക്കി.

അദ്ദേഹം ലില്ലിയ്ക്ക് 22.01.1966-ൽ എഴുതിയ കത്തിൽ അദ്ദേഹം പറയുന്നു: "*അച്ചൻ 70 വയസ്സ് പൂർത്തിയാക്കാൻ പോകുന്നു. തൽഫലമായി, അദ്ദേഹത്തിന്റെ ശക്തി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട്, അദ്ദേഹത്തിന് ഒരുപാട് വിശ്രമം വേണം. അല്ലെങ്കിൽ*". അദ്ദേഹം തമാശരൂപേണ പറഞ്ഞു: "*ഞാൻ പൊട്ടിപ്പോകും*". മറ്റൊരു കത്തിൽ അദ്ദേഹം എഴുതി: "*ഞാൻ 70 വയസ്സുള്ള അപ്പൂപ്പനായി*". ആ കത്ത് അവസാനിപ്പിച്ചത് ഇപ്രകാരമായിരുന്നു: "*ഞാൻ നിന്റെ പ്രാർത്ഥനകളിൽ ശരണപ്പെടുന്നു. ദൈവത്തിന്റെ മിഷനുവേണ്ടു ഇതിലും കൂടുതൽ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ മാതാവ് എന്നെ സഹായിക്കും*".

"*സ്നേഹം നന്മനസ്സാണ്; ദൈവത്തെ സ്നേഹിക്കുക എന്നു വച്ചാൽ എല്ലായ്പോഴും അവിടുത്തെ പ്രീതിപ്പെടുത്താനുള്ള നന്മനസ്സുണ്ടാകുക എന്നാണ്. അവിടുത്തെ അനന്ത നന്മയെപ്രതി ദൈവത്തെ നമ്മൾ സ്നേഹിക്കുന്നു; പക്ഷെ, അവരുടെ മേന്മയും നന്മയും കാരണംനമ്മൾ നമ്മെത്തന്നെയും പരസ്പരവും സ്നേഹിക്കുന്നില്ല. നമ്മൾ ദൈവത്തെപ്രതി നമ്മെത്തന്നെയും മറ്റു മനുഷ്യരെയും സ്നേഹിക്കണം. മറിയത്തിന്റെ മക്കൾ സ്വർഗ്ഗത്തിന്റെ മക്കളാണ്*".

വല്യച്ചന്റെ ഈ വാക്കുകളെല്ലാം തന്നെ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികത എത്ര മാത്രം വലുതും ആഴപ്പെട്ടതുമാണെന്ന് വ്യക്തമായി കാണിക്കുകയും വ്യക്തമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ കത്തുകളിൽ മറ്റ് വലിയ കാര്യങ്ങൾ കൂടി കാണാനാകും: "*ദൈവത്തിലും ദൈവത്തിന്റെ അമ്മയിലും ശരണപ്പെടുവിൻ. ഞാൻ ഇത് എന്റെ തന്നെ ജീവിതത്തിൽ അനുഭവിച്ചതാണ്. എനിക്ക് അറിയാൻകൂടി വയ്യാത്ത ഒരു ജീവിത ശൈലി (കർമ്മെലീത്താ സഭ) എനിക്ക് അവർ കാണിച്ചു തന്നത് വളരെ പെട്ടെന്നായിരുന്നു (രണ്ടു-മൂന്ന് സെക്കന്റുകൾക്കുള്ളിൽ)*". 03.09.1968-ൽ അദ്ദേഹം എഴുതിയ മറ്റൊരു കത്തിൽ എറണാകുളം ലിസി ആശുപത്രിയിലാണ് തന്റെ കണ്ണിന്റെ ഓപ്പറേഷൻ നടക്കുന്നതെന്ന് അദ്ദേഹം എഴുതി. പക്ഷെ അദ്ദേഹത്തിന്റെ മറ്റേ കണ്ണിന്റെ കാഴ്ച കൂടി പോകുമോ എന്നുള്ള ഭയത്താൽ ആ ഓപ്പറേഷൻ നടന്നില്ല. മറ്റൊരു കത്തിൽ അദ്ദേഹം എഴുതി, 1914-1918 കാലഘട്ടങ്ങളായിരുന്നു അദ്ദേഹത്തിന്റെ നോവിഷ്യേറ്റ് എന്ന്. അദ്ദേഹം ഒരു പട്ടാളക്കാരനായി ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തതായിരിക്കാം അദ്ദേഹം സൂചിപ്പിച്ചിരുന്നത്.

താഴെക്കൊടുത്തിരിക്കുന്ന എഴുത്തുകൾ അദ്ദേഹത്തിന്റെ ചില കത്തുകൾ മാത്രമേ ഉള്ളു. അദ്ദേഹം കേരളത്തിലും വിദേശ രാജ്യങ്ങളിലും ഉള്ള നാനാവിധം ആളുകൾക്കും അയച്ച കത്തുകളുണ്ട്. കൂടുതൽപേർ അവ തങ്ങൾക്കായിത്തന്നെ സൂക്ഷിച്ചുവയ്ക്കുന്നവരായിരിക്കാം. അദ്ദേഹം എപ്പോഴും പറയുന്ന കാര്യമിതാണ്: "*ഒരു വിശുദ്ധനോ വിശുദ്ധയോ ആകാനായി പരിശ്രമിക്കൂ; പരിശ്രമിക്കൂ, പരിശ്രമിക്കൂ!*". ഇത്രയും വിശുദ്ധനായ മറ്റൊരു പുരോഹിതനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ 2009-2010 വർഷങ്ങളിൽ ഒരു ജൂൺ 19ന് പുരോഹിതരുടെ വർഷമായി പ്രഖ്യാപിച്ചിരുന്നു. കാരണം, ആ വർഷം വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമവാർഷികമായിരുന്നു. ആ വർഷം ഒക്ടോബർ 20-ാം തിയതി ഫാ. അദെയോദാത്തൂസച്ചന്റെ 42-ാം ചരമവാർഷകത്തിന്റെ ആരംഭമായിരുന്നു. വി. ജോൺ മരിയ വിയാനി ഇടവകവികാരിമാരുടെയും വൈദികരുടെയും മദ്ധ്യസ്ഥ വിശുദ്ധനാണ്. അതുപോലെതന്നെ വി. പത്രോസിന്റെ ഫാദർ അദെയോദാത്തൂസ് ഒ.സി.ഡിയും തിരുവനന്തപുരം അതിരൂപതയുടെയും നെയ്യാറ്റിൻകര രൂപതയുടെയും പ്രചോദകനും മദ്ധ്യസ്ഥനുമായ മിഷനറി വൈദികനാണ്. ഫാ. അദെയോദാത്തൂസ് ഒ.സി.ഡിയെ ഒരു വിശുദ്ധനായി പ്രഖ്യാപിക്കുന്ന ഒരു പൊൻപുലരി ഉണ്ടാകട്ടെ! വല്യച്ചനെക്കുറിച്ച് ഇത്രയധികം എഴുതാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഈ കൊച്ചു പുസ്തകം വളരെ ആളുകൾ സശ്രദ്ധം വായിക്കുമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.